30 ബുധൻ
നവംബർ 2022
1198വൃശ്ചികം 14

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com




## തീരദേശത്ത് പ്രത്യേകശ്രദ്ധ; സ്റ്റേഷനുകൾക്ക് ജാഗ്രതാ നിർദേശം,പോലീസുകാരുടെ അവധിക്ക് നിയന്ത്രണം

### ഡി ഐ ജി നിശാന്തിനിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു

**തിരുവനന്തപുരം:** വിഴിഞ്ഞം സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ജാഗ്രതാനിർദേശം. കലാപസമാന സാഹചര്യം നേരിടാൻ സജ്ജരാകാനാണ് മുന്നറിയിപ്പ്. വിഴിഞ്ഞത്തെ സ്ഥിതിഗതികൾ നിയന്ത്രിക്കാൻ പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ചു. വിഴിഞ്ഞം പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം ജില്ലകളിലെ തീരദേശ പോലീസ് സ്റ്റേഷനുകൾ എന്നിവ ഉൾക്കൊള്ളുന്ന മേഖലകളിലെ സുരക്ഷാക്രമീകരണങ്ങൾ, ക്രമസമാധാനം എന്നിവയുടെ ചുമതലയുള്ള സ്പെഷ്യൽ ഓഫീസറായി തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി ആർ. നിശാന്തിനിയെയാണ് നിയോഗിച്ചിട്ടുള്ളത്.വിഴിഞ്ഞത്ത് സംഘർഷത്തിന് അയവുവന്നെങ്കിലും അസ്വസ്ഥത പുകയുന്നുണ്ട്. പോലീസ് തുടർ നടപടികളിലേക്ക് കടന്നാൽ പ്രകോപനം ഉണ്ടാകാനും പ്രതിഷേധം സംസ്ഥാനം ഒട്ടാകെ വ്യാപി ക്കാനും സാധ്യതയുണ്ട്. തീരദേശ മേഖലയിൽ അടക്കം പ്രക്ഷോഭസാധ്യതകൾ ഇന്റലിജൻസ് മുന്നറിയിപ്പിലുണ്ട്. ഈ പശ്ചാത്തലത്തിലാണ് ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. എം.ആർ. അജിത്കുമാർ ജാഗ്രതാനിർദേശം പുറപ്പെടുവിച്ചത്.

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ അടക്കം ക്രമസമാധാനപാലന ചുമതലയുള്ള സംവിധാനങ്ങൾ സജ്ജമായിരിക്കാനാണ് നിർദേശം. കലാപസമാന സാഹചര്യം നേരിടാൻ ഉപകരണങ്ങൾ അടക്കം എല്ലാ ഒരുക്കങ്ങളും ഉണ്ടാകണം. അടുത്ത രണ്ടാഴ്ചത്തേക്കാണ് ജാഗ്രത. തീരദേശത്ത് പ്രത്യേകശ്രദ്ധ വേണം. തീരദേശ പോലീസ് സ്റ്റേഷനുകളും ഈ മേഖലയിലെ സാധാരണ പോലീസ് സ്റ്റേഷനുകളിലും കൂടുതൽ വിന്യാസം വേണം. സ്പെഷൽ ബ്രാഞ്ച് യൂണിറ്റുകൾ പരമാവധി വിവരം ശേഖരിച്ച് മുന്നറിയിപ്പ് നൽകണം. റേഞ്ച് ഡി.ഐ.ജിമാർ നേരിട്ട് നേരിട്ട് സ്ഥിതിഗതികൾ വിലയിരുത്തണം. പോലീസുകാരുടെ അവധിക്കും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

വിഴിഞ്ഞത്തിനായി തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി. ആർ. നിശാന്തിനിയുടെ നേതൃത്വത്തിൽ പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ചു. ഡി.സി.പി. അജിത് കുമാർ, ക്രൈം ബ്രാഞ്ച് എസ്.പി. മധുസൂദനൻ, എസ്.പി. ബൈജു എന്നിവർ സംഘത്തിലുണ്ട്. കൂടുതൽ എസ്.പിമാരെയും ഡിവൈ.എസ്.പിമാരെയും സിഐമാരെയും സംഘത്തിലുൾപ്പെടുത്തും. വിഴിഞ്ഞത്തെ ക്രമസമാധാന പാലനം സംഘർഷവുമായി ബന്ധപ്പെട്ട കേസിലെ അന്വേഷണം എന്നിവ ഈ സംഘത്തിനാണ്. തൽക്കാലം ധൃതിവെച്ച് അറസ്റ്റ് വേണ്ടെന്നാണ് തീരുമാനം. പ്രതികളെ തിരിച്ചറിയാനുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ലഭിച്ച സി.സി. ടി.വി. ദൃശ്യങ്ങൾക്ക് വ്യക്തതയില്ല. കൂടുതൽ മൊബൈൽ ഫോൺ ദൃശ്യങ്ങൾ ശേഖരിക്കും. വിരലടയാള തെളിവുകൾ ശേഖരിച്ചു. മൊബൈൽ ഫോൺ ടവർ ലൊക്കേഷൻ വിവരങ്ങൾ അടക്കം പരിശോധിച്ചാകും അക്രമത്തിൽ പങ്കെടുത്തവരെ കണ്ടെത്തുക. പോലീസുകാരെ ആക്രമിച്ചവർക്കെതിരേ കർശന നടപടി വേണമെന്നാണ് ആവശ്യമാണ് പോലീസിനുള്ളിൽനിന്ന് ഉയരുന്നത്.അതേസമയം, വിഴിഞ്ഞം തുറമുഖത്തെ സമരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണത്തിന് പ്രത്യേക സംഘത്തിന് രൂപം നൽകാൻ ക്രമസമാധാനത്തിന്റെ ചുമതലയുള്ള എ.ഡി.ജി.പി. എം.ആർ. അജിത് കുമാർ സിറ്റി പോലീസ് കമ്മിഷണർ ജി. സ്പർജൻ കുമാറിന് നിർദേശം നൽകി. തിരുവനന്തപുരം സിറ്റി ക്രൈം ആൻഡ് അഡ്മിനിസ്ട്രേഷൻ ഡെപ്യൂട്ടി പോലീസ് കമ്മിഷണർ കെ. ലാൽജിയാണ് സംഘത്തലവൻ. തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് എ.സി.പി. ബി. അനിൽകുമാർ, തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ എ.സി.പി. ജെ.കെ. ദിനിൽ, തിരുവനന്തപുരം റൂറൽ നർക്കോട്ടിക് ഡിവൈ.എസ്.പി. വി.ടി. രാസിത്ത്, കഴക്കൂട്ടം എ.സി.പി. സി.എസ്. ഹരി എന്നിവരാണ് സംഘാംഗങ്ങൾ. സിവിൽ പോലീസ് ഓഫീസർമാർ മുതൽ ഇൻസ്പെക്ടർമാരെ വരെയുള്ളവരെ സംഘത്തിൽ ഉൾപ്പെടുത്താൻ ഡെപ്യൂട്ടി പോലീസ് കമ്മിഷണർക്ക് അനുമതി നൽകിയിട്ടുണ്ട്.


## വിഴിഞ്ഞം സമരം രാജ്യദ്രോഹകുറ്റം, പറയുന്ന സമയത്തുതന്നെ തുറമുഖ നിർമാണം പൂർത്തിയാക്കും, അതിൽ സംശയം വേണ്ടെന്ന് മന്ത്രി



തിരുവനന്തപുരം: രാജ്യസ്നേഹമുള്ള ആർക്കും വിഴിഞ്ഞം സമരം അംഗീകരിക്കാൻ സാധിക്കില്ലെന്ന് മന്ത്രി വി അബ്ദുറഹ്മാൻ.ഇത് സമരമല്ലെന്നും മറ്റെന്തോ ആണെന്നും അബ്ദുറഹ്മാൻ പറഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തന സാങ്കേതികത സംബന്ധിച്ച് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ) സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കവേയാണ് മന്ത്രിയുടെ പരാമർശം.'വിഴിഞ്ഞം സമരക്കാർ മുന്നോട്ടുവച്ച ഏഴ് ആവശ്യങ്ങളിൽ ആറെണ്ണത്തിന് സർക്കാർ കൃത്യമായ തീരുമാനം എടുത്തു. ഏഴാമത്തേത്തിൽ പഠനം നടത്തുന്നതിനായി കമ്മിറ്റിയുണ്ടാക്കി. ഒരാഴ്ചയെങ്കിലും നിർത്തിവച്ച് പഠനം നടത്തണമെന്നാണ് സമരക്കാർ ആവശ്യപ്പെടുന്നത്. ഇത് സമരമല്ല, മറ്റെന്തോ ആണെന്നേ കരുതാനാകൂ. ഒരു രാജ്യത്തിനാവശ്യമായ നിർമാണ പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്നത് രാജ്യദ്രോഹകുറ്റമായി കാണേണ്ടതാണ്.സർക്കാർ ആരെയും കുടിയൊഴിപ്പിക്കുകയോ ദ്രോഹിക്കുകയോ ചെയ്തിട്ടില്ല. തൊഴിലാളിവിരുദ്ധമായ ഒരു നടപടികളും ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ല. ഒരു മത്സ്യതൊഴിലാളിയുടെയും കണ്ണുനീർ വീഴാൻ ഈ സർക്കാർ സമ്മതിക്കില്ല.ഇതിലും വലിയ തടസങ്ങൾ നീക്കിയിട്ടുണ്ട്. സർക്കാരിന് താഴുന്നതിന് പരിധിയുണ്ട്. പ്രതിഷേധക്കാർ കാര്യങ്ങൾ മനസിലാക്കട്ടേയെന്നാണ് പ്രതീക്ഷിക്കുന്നത്. തുറമുഖം എന്തായാലും വരും. പറയുന്ന സമയത്തുതന്നെ നിർമാണം പൂർത്തിയാക്കി വിഴിഞ്ഞത്ത് കപ്പലുകൾ വരുമെന്നത് സർക്കാരിന്റെ നിശ്ചയദാർഢ്യമാണ്. ഇതിൽ ആർക്കും സംശയം വേണ്ട.നാഷണൽ ഹൈവേ, എയർപോർട്ടുകളുടെ വിപുലീകരണം, ഗെയ്ൽ പൈപ്പ്ലൈൻ എന്നിവ ഈ സർക്കാരിന് ശേഷം നടപ്പാക്കിയ കാര്യങ്ങളാണ്. അത് ഓർത്താൽ നല്ലതെന്നും മന്ത്രി പറഞ്ഞു.ജനങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കണമെങ്കിൽ ഖജനാവിൽ പണം ആവശ്യമാണ്. ഇതിനായി മുന്നോട്ടുപോകാനുള്ള ശ്രമങ്ങൾ മനസിലാക്കി സമരത്തിൽ നിന്നും പ്രതിഷേധക്കാർ പിന്നോട്ടുപോകണം' മന്ത്രി ആവശ്യപ്പെട്ടു.

### ആശാൻ

സർക്കാരിന് കനത്ത തിരിച്ചടി: കെ.ടി.യു. വി.സി. സിസ തോമസിന്റെ നിയമനം ഹൈക്കോടതി ശരിവെച്ചു



തിരിച്ചടികൾ ഏറ്റ് വാങ്ങാനായി മാത്രം ഈ ജന്മം ഇനിയും ബാക്കി

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി. ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.

VISA 4STUDY
STUDY REDEFINED
STUDY ABROAD
KANHANGAD | KANNUR | THRISSUR | ERNAKULAM
STUDY@VISA4STUDY.IN
+91 9847386330
0467 2080331
ENQUIRE NOW
visa4study.in

### ഇന്നത്തെ ശബരിമല വിശേഷങ്ങൾ (30/11 /2022)

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ
11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം
പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.





## സർക്കാരിന് കനത്ത തിരിച്ചടി: കെ.ടി.യു. വി.സി. സിസ തോമസിന്റെ നിയമനം ഹൈക്കോടതി ശരിവെച്ചു

**കൊച്ചി:** ഗവർണർ ആരിഫ് മുഹമ്മദ് ഖാനുമായുള്ള നിയമ പോരാട്ടങ്ങളിൽ സർക്കാരിന് വീണ്ടും തിരിച്ചടി. എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക സർവകലാശാല വൈസ് ചാൻസലറുടെ ചുമതല ഡോ. സിസ തോമസിന് നൽകിയ ചാൻസലർ കൂടിയായ ഗവർണറുടെ നടപടി ഹൈക്കോടതി ശരിവെച്ചു. ഡോ. സിസ തോമസിന് ചുമതല നൽകിയതിനെ ചോദ്യം ചെയ്ത് സർക്കാർ നൽകിയ ഹർജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ തള്ളി. താത്കാലിക വി.സിയായി സിസ തോമസിന് തുടരാം. അവർക്ക് മതിയായ യോഗ്യതയുണ്ട്. സ്ഥിരം വി.സിയെ ഉടൻ നിയമിക്കണമെന്നും കോടതി വ്യക്തമാക്കി.

ഇതിനിടെ സർക്കാരിന്റെ ഹർജി നിലനിൽക്കില്ലെന്ന ചാൻസലറുടേയും സിസ തോമസിന്റേയും വാദം തള്ളിയിരുന്നു. ഉത്തരവിനെ സർക്കാർ ചോദ്യം ചെയ്തത് അത്യപൂർവ ഹർജിയിലൂടെയാണെന്ന് കോടതി വ്യക്തമാക്കുകയുണ്ടായി. യു.ജി.സി. മാനദണ്ഡ പ്രകാരം മാത്രമേ നിയമനം നടത്താനാകൂവെന്നും കോടതി അറിയിച്ചു.

യു.ജി.സി. മാനദണ്ഡപ്രകാരം യോഗ്യത ഇല്ലാത്ത അഡീഷണൽ പ്രിൻസിപ്പൽ സെക്രട്ടറിയെ ശുപാർശ ചെയ്ത സർക്കാർ നടപടി തെറ്റാണെന്നും കോടതി ചൂണ്ടിക്കാട്ടി. ഉദ്യോഗസ്ഥർക്ക് വി.സിയാകാൻ സാധിക്കില്ല. ഇത് അറിഞ്ഞുകൊണ്ട് തന്നെ അഡീഷണൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് സർക്കാർ ശുപാർശ ചെയ്തെന്നും കോടതി വിമർശിച്ചു.വൈസ് ചാൻസലറായി സർക്കാർ നിർദേശിച്ചത് ഡിജിറ്റൽ സർവകലാശാല വി.സിയുടെയും ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെയും പേരുകളായിരുന്നു. ഇതിന് ചാൻസലർ കാര്യമായ മറുപടി പോലും നൽകിയില്ലെന്നാണ് സർക്കാരിന്റെ ആരോപിച്ചത്. സീനിയോറിറ്റി അനുസരിച്ച് നാലാംസ്ഥാനത്തുള്ള സിസ തോമസ് തിരുവനന്തപുരത്താണ് ജോലി ചെയ്യുന്നതെന്നതും കണക്കിലെടുത്താണ് ചുമതല നൽകിയതെന്നാണ് ചാൻസലറുടെ അഭിഭാഷൻ വാദിച്ചത്. എന്നാൽ, സീനിയോറിറ്റിയിൽ സിസ തോമസ് പിന്നിലാണെന്ന് സർക്കാർ വാദിക്കുകയുണ്ടായി.സാങ്കേതിക സർവകലാശാലയുടെ വൈസ് ചാൻസലറായി ഡോ. എം.എസ്. രാജശ്രീയെ നിയമിച്ചത് സുപ്രീം കോടതി റദ്ദാക്കിയിരുന്നു. യു.ജി.സി. ചട്ടങ്ങൾ പാലിക്കാതെയാണ് നിയമനമെന്നു കാട്ടിയായിരുന്നു നടപടി. ഇതിനെ തുടർന്നു വന്ന ഒഴിവിലേക്കാണ് ഡോ. സിസ തോമസിന് ഗവർണർ ചുമതല നൽകിയത്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയന്റ് ഡയറക്ടറാണ് സിസ തോമസ്.

## പലയിടത്തും പേരിന് മാത്രം, ഐ സി സി ഉണ്ടെങ്കിൽ മാത്രമേ സിനിമാ നിർമാണത്തിന് അനുമതി നൽകാവൂവെന്ന് വനിതാകമ്മീഷൻ അദ്ധ്യക്ഷ



**കൊച്ചി:** ഹൈക്കോടതി പറഞ്ഞിട്ടും പല സിനിമാ യൂണിറ്റുകളിലും പരാതി പരിഹാര സമിതി (ഐ സി സി) ഇല്ലായെന്ന് വനിതാ കമ്മീഷൻ അദ്ധ്യക്ഷ പി സതീദേവി.ഒരു ലോക്കേഷനിൽ ഐ സി സി തലവനായി നിയമിച്ചത് പുരുഷനെ. പലയിടങ്ങളിലും ഐ സി സി പേരിന് മാത്രമാണുള്ളത്. ശരിയായ പരാതി പരിഹാര സമിതിയുണ്ടെങ്കിലേ സിനിമാ നിർമാണത്തിന് അനുമതി നൽകാവൂ. വനിതകളായിരിക്കണം തലപ്പത്ത് എന്ന് നിയമം പറയുമ്പോൾ അതിന് വ്യത്യസ്തമായി ഐ സി സി രൂപീകരിച്ചിട്ട് എന്താണ് പ്രയോജനമെന്നും പി സതീദേവി ചേദിച്ചു. സംസ്ഥാനത്ത് സ്ത്രീസുരക്ഷ വലിയ രീതിയിൽ ചോദ്യം ചെയ്യപ്പെടുകയാണെന്ന് പി സതീദേവി നേരത്തെ വിമർശനം ഉന്നയിച്ചിരുന്നു. കൊച്ചിയിൽ 19കാരിയായ മോഡൽ കാറിൽ കൂട്ടബലാത്സംഗം ചെയ്യപ്പെട്ടതിനോട് പ്രതികരിക്കുകയായിരുന്നു അവർ. ഡി.ജെ പാർട്ടികൾ അഴിഞ്ഞാട്ടത്തിന്റെ വേദികളാവുന്നു. പാർട്ടികളിൽ ആണും പെണ്ണും ഒന്നിച്ചുചേർന്ന് മദ്യപിക്കുകയും തെറ്റായ തലങ്ങളിലേക്ക് പോവുകയും ചെയ്യുന്നു. പൊലീസ് ഇടപെടൽ വേണം. സ്ത്രീകൾ ജോലി ചെയ്യുന്ന മേഖലയിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ പൊലീസിനാവണം. തിരക്കേറിയ നഗരങ്ങളിൽ സ്ത്രീകൾക്ക് രാത്രി സമയങ്ങളിൽ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണെന്നും വനിതാ കമ്മീഷൻ അദ്ധ്യക്ഷ വ്യക്തമാക്കിയിരുന്നു.

പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651
ജോത്സ്യൻ : ജി. എൻ. ബാബുജി
ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം
മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## വിഴിഞ്ഞം സമരം തീരമേഖലയിലെ ജനങ്ങൾക്ക്ആത്മവിശ്വാസം പകരാൻ സർക്കാരിന്കഴിയണം

വിഴിഞ്ഞത്ത് സംഘർഷം അവസാനിപ്പിക്കാനുള്ള സർവകക്ഷിയോഗവും കൃത്യമായ പരിഹാര നിർദേശങ്ങൾക്ക് കഴിയാതെ പിരിയേണ്ടിവന്നിരിക്കുന്നു. നാട്ടിൽ സമാധാനവും ശാന്തിയും പുലരണമെന്ന് ആഗ്രഹിക്കുന്നവരുടെ പ്രതീക്ഷകൾക്കാണ് ഇതിലൂടെ മങ്ങലേറ്റത്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പേരിൽ ഇനിയൊരു സംഘർഷം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ സമവായശ്രമങ്ങൾ തുടരേണ്ടതുണ്ട്. അക്രമ സമരവും അതിനെ നേരിടാൻ നിയമത്തിന്റെ കർശന വഴികളും കൊണ്ടുമാത്രം കഴിയില്ലെന്ന് ഇതിനകം വ്യക്തമായ സ്ഥിതിക്ക് വിവേകപൂർവമായ ഇടപെടലുകളാണ് ആവശ്യമായി വരുന്നത്.ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ സർക്കാരിനെ പ്രതിനിധീകരിച്ച് മന്ത്രി ജി.ആർ. അനിൽ ഉൾപ്പെടെ പങ്കെടുത്ത സർവകക്ഷിയോഗത്തിനുശേഷം ലഭിച്ച വിവരങ്ങൾ ഒട്ടും ആശാവഹമായി തോന്നുന്നില്ല. പദ്ധതി നിർവഹണം നിർത്തിവയ്ക്കണമെന്ന ആവശ്യത്തിൽ സമരസമിതി ഉറച്ചുനിന്നു. യോഗത്തിൽ പങ്കെടുത്ത ബാക്കി എല്ലാവരും പദ്ധതിയുമായി മുന്നോട്ടുപോകണമെന്ന് ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടതായി മന്ത്രി പറഞ്ഞു. വിഴിഞ്ഞത്ത് അദാനി ഗ്രൂപ്പിന്റെ ചുമതലയിൽ നിർമിക്കുന്ന തുറമുഖത്തിന് അനുകൂലമായി കോടതി ഉത്തരവുകളും നിലവിലുണ്ട്.തുറമുഖനിർമാണം തടസപ്പെടുത്തുന്നവർക്കെതിരേ കർശന നടപടി വേണമെന്നാണ് ഹൈക്കോടതി പറഞ്ഞത്. പദ്ധതി തടസമില്ലാതെ മുന്നോട്ടുപോകുമെന്ന പക്ഷവുമായി സർക്കാരും നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് സമരസമിതിയും മുന്നോട്ടുപോകുന്നതിനിടെ ഉണ്ടായ അക്രമങ്ങൾ പ്രശ്നങ്ങളെ ഒന്നുകൂടി രൂക്ഷമാക്കുന്നതായി. പ്രശ്ന പരിഹാരത്തിനു വഴിതെളിഞ്ഞില്ലെന്നു മാത്രമല്ല മതസ്പർധ വളർത്തുന്ന രീതിയിലുള്ള ആരോപണങ്ങൾക്കുവരെ ജനങ്ങൾ സാക്ഷിയാകേണ്ടിവരുന്നു. സംഘർഷം അക്ഷരാർഥത്തിൽ വിഴിഞ്ഞത്തെ കലാപഭൂമിയാക്കുന്ന തരത്തിൽ അക്രമാസക്തമായി മാറുകയുണ്ടായി. ശനിയാഴ്ചയുണ്ടായ ഏറ്റുമുട്ടലിന്റെ പേരിൽ പോലീസ് കസ്റ്റഡിയിൽ എടുത്തവരെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് തുറമുഖ വിരുദ്ധ സമിതി പ്രവർത്തകർ നടത്തിയ പോലീസ് സ്റ്റേഷൻ മാർച്ച് നിരവധി നിർഭാഗ്യകരമായ സംഭവങ്ങൾക്കാണ് തുടക്കമിട്ടത്. 35 പോലീസ് ഉദ്യോഗസ്ഥർക്ക് പരുക്കേറ്റു. നിരവധി പോലീസ് വാഹനങ്ങൾ തകർത്തു. നേരത്തേയുണ്ടായ പ്രതിഷേധത്തിനിടെ ആക്രമണത്തിന് നേതൃത്വം നൽകിയെന്ന് ആരോപിച്ച് പോലീസ് കസ്റ്റഡിയിൽ എടുത്ത അഞ്ചുപേരെ വിട്ടയയ്ക്കണം എന്നതായിരുന്നു സമരക്കാരുടെ ആവശ്യം.

ശനിയാഴ്ചത്തെ സംഘർഷത്തിന്റെ പേരിൽ, സംഘർഷസ്ഥലത്ത് ഇല്ലാതിരുന്ന ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ. തോമസ് ജെ. നെറ്റോയെ ഒന്നാം പ്രതിയാക്കി കേസെടുത്തത് വൻ പ്രതിഷേധത്തിനാണ് ഇടയാക്കിയത്. പിന്നീടുണ്ടായ സംഘർഷത്തിൽ കണ്ടാലറിയുന്ന മൂവായിരം പേർ എന്നല്ലാതെ ആരുടെയും പേര് എഫ്.ഐ.ആറിൽ ഉൾപ്പെടുത്തിയില്ല. വിഴിഞ്ഞം തുഖമുഖ നിർമാണത്തിന് സംരക്ഷണം തേടി അദാനി ഗ്രൂപ്പ് നൽകിയ ഹർജിയിൽ സർക്കാരിനെതിരേ കടുത്ത വിമർശനമാണ് ഹൈക്കോടതി നടത്തിയത്. വിഴിഞ്ഞത്ത് ക്രമസമാധാനം ഉറപ്പാക്കാൻ സർക്കാർ എന്ത് ചെയ്തെന്ന് കോടതി ചോദിക്കുന്ന സാഹചര്യം വീണ്ടും ഉണ്ടായി. ലഹള ഉണ്ടാക്കിയവരെ അറസ്റ്റ് ചെയ്യാത്തതെന്തെന്നും കോടതി ചോദിച്ചു. സമരത്തെത്തുടർന്ന് കോടികളുടെ നഷ്ടമാണ് അദാനി ഗ്രൂപ്പ് കോടതിയിൽ നിരത്തിയത്. അക്രമസമരത്തെത്തുടർന്ന് ലക്ഷങ്ങളുടെ പൊതുമുതൽ നശിപ്പിക്കപ്പെട്ടു.</ു>

സർക്കാരും പോലീസും അവരിൽ അർപ്പിതമായ ഉത്തരവാദിത്വം നിറവേറ്റണമെന്ന് കോടതി ഓർമിപ്പിച്ചു. തുറമുഖനിർമാണം സുഗമമായി നടക്കുന്നതിന് ആവശ്യമായ നടപടികളാണ് കോടതി ആവശ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ സമരക്കാരുടേത് കോടതിയെ ധിക്കരിക്കുന്ന നടപടിയാണെന്ന് സർക്കാർ വിലയിരുത്തുന്നു. എന്നാൽ വിഴിഞ്ഞത്ത് നടന്നത് സർക്കാർ ഒത്താശയോടെയുള്ള അക്രമമായിരുന്നെന്നും ജുഡീഷ്യൽ അന്വേഷണം വേണമെന്നുമുള്ള പ്രതികരണമാണ് സമരസമിതിയുടെ ഭാഗത്തുനിന്ന് ഉണ്ടായത്.വിഴിഞ്ഞം സമരം തുറമുഖ നിർമാണം അട്ടിമറിക്കാനാണെന്ന് സർക്കാരും അതല്ല, അതിജീവനത്തിനു വേണ്ടിയുള്ള പോരാട്ടമാണെന്ന് സമരസമിതിയും പറയുന്നിടത്തുതന്നെ കാര്യങ്ങൾ ഇപ്പോഴും നിൽക്കുന്നു. അതിനിടയിലുണ്ടായ കലാപവും നിയമനടപടികളും പ്രതിപക്ഷ പാർട്ടികളുടെ ആരോപണങ്ങളുമൊന്നും പ്രശ്ന പരിഹാരത്തിനുള്ള വഴിയാകുന്നില്ല. നിയമവഴിയിലൂടെ പ്രതിഷേധക്കാരെ ചെറുക്കാമെന്ന് സർക്കാരും ഇത്രയേറെ മുന്നോട്ടുപോയ പദ്ധതി നിർത്തിവയ്ക്കണമെന്ന് വാശിപിടിക്കുന്നത് എത്രമാത്രം ശരിയാണെന്ന് സമരസമിതിയും ഗൗരവത്തോടെ ചിന്തിക്കണം. തുറമുഖനിർമാണം തങ്ങളുടെ ജീവിതം പ്രതിസന്ധിയിലാക്കുമെന്ന് കരുതുന്ന തീരമേഖലയിലെ ജനങ്ങൾക്ക് ആത്മവിശ്വാസം പകരാൻ സർക്കാരിന് കഴിയണം. വിഴിഞ്ഞം തുറമുഖ നിർമാണം തുടരുന്നതിനെ സർവകക്ഷിയോഗത്തിൽ പങ്കെടുത്ത ഭൂരിപക്ഷവും അനുകുലിച്ചെങ്കിൽ അതിനുള്ള കാരണം സമരസമിതിയും മനസിലാക്കേണ്ടതുണ്ട്




# ക്രൂസ് സീസണിന് തുടക്കമായി; ഒഴുകുന്ന കൊട്ടാരം 'യൂറോപ 2' കൊച്ചിയിലെത്തും

കേരളത്തിലെ ക്രൂസ് സീസണ് തുടക്കമിട്ട് ആദ്യ യാത്രാ കപ്പൽ ചൊവ്വാഴ്ച കൊച്ചി തീരത്തെത്തും. 'യൂറോപ 2' എന്ന 'ഒഴുകുന്ന കൊട്ടാര'മാണ് കൊച്ചിയിലേക്ക് എത്തുന്നത്. കോവിഡിനു ശേഷമെത്തുന്ന ആദ്യ ആഡംബര കപ്പൽ കൂടിയാണിത്.

രാവിലെ ഏഴിനാണ് കപ്പൽ കൊച്ചി തുറമുഖത്ത് എത്തുക. ഇതിൽ 257 സഞ്ചാരികളും 372 കപ്പൽ ജീവനക്കാരും ഉൾപ്പെടുന്നു. കപ്പലിലെത്തുന്ന സഞ്ചാരികൾ ആലപ്പുഴ, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയ പ്രദേശങ്ങൾ സന്ദർശിക്കും. സഞ്ചാരികൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും കൊച്ചി തുറമുഖ ട്രസ്റ്റ് ഇതിനോടകം ഒരുക്കിയിട്ടുണ്ട്.

കൊച്ചി തുറമുഖ ട്രസ്റ്റിലെ പുതിയ അന്താരാഷ്ട്ര ടെർമിനലായ 'സാഗരിക'യിലാണ് കപ്പൽ അടുക്കുക. ടെർമിനൽ ഉദ്ഘാടനം കഴിഞ്ഞിട്ട് ആദ്യമായി എത്തുന്ന അന്താരാഷ്ട്ര കപ്പൽ കൂടിയാണ് 'യൂറോപ 2'. സാമുദ്രിക ക്രൂസ് ടെർമിനലിൽ സൗകര്യം കുറവായതിനാലാണ് പുതിയ ടെർമിനൽ സജ്ജമാക്കിയിരിക്കുന്നത്. ഇവിടെ 260 മീറ്ററിനും മുകളിലുള്ള കപ്പലുകൾ അടുക്കാനാകും. കൂടാതെ ഒരേസമയം 5,000 സഞ്ചാരികളെ സ്വീകരിക്കാനുമാകും.

എമിഗ്രേഷൻ കൗണ്ടറുകൾ, കസ്റ്റംസ് ക്ലിയറൻസ് കൗണ്ടറുകൾ, ഡ്യൂട്ടിഫ്രീ ഷോപ്പുകൾ, വിദേശനാണ്യ വിനിമയ കൗണ്ടറുകൾ, ശൗചാലയം തുടങ്ങി പ്രീപെയ്ഡ് ഓട്ടോടാക്സി സൗകര്യങ്ങൾ വരെ ടെർമിനലിൽ ഒരുക്കിയിട്ടുണ്ട്. അടുത്ത കപ്പലുകൾ എത്തുമ്പോഴേക്കും കൂടുതൽ സേവന സൗകര്യങ്ങൾ ടെർമിനലിൽ ഒരുങ്ങും.

രാത്രി 10 മണിക്ക് കൊച്ചിയിൽനിന്ന് ഫുക്കറ്റിലേക്കാണ് 'യൂറോപ 2' യാത്ര തിരിക്കുന്നത്. മേയ് വരെയുള്ള ക്രൂസ് സീസണിൽ 20 ആഡംബര കപ്പലുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്



# പ്രവൃത്തിദിനം ആഴ്ചയിൽ നാല് ദിവസം മാത്രം; ശമ്പളം കുറയ്ക്കില്ല: ട്രെൻഡിനൊപ്പം 100 കമ്പനികൾ കൂടി

**ലണ്ടൻ:** ആഴ്ചയിൽ നാല് ദിവസം മാത്രം പ്രവൃത്തിദിനമാക്കി ബ്രിട്ടനിലെ നൂറ് കമ്പനികൾ. ഈ കമ്പനികളിലെ എല്ലാ ജീവനക്കാരും ആഴ്ചയിൽ നാല് ദിവസംമാത്രം ജോലിക്കെത്തിയാൽ മതിയാകും. എന്നാൽ അവരുടെ ശമ്പളത്തിൽ യാതൊരു കുറവുമുണ്ടാകില്ല. 100 കമ്പനികളിലുമായി 2600–ഓളം ജീവനക്കാരാണുള്ളത്. രാജ്യത്ത് വലിയൊരു മാറ്റംകൊണ്ടുവരാൻ ലക്ഷ്യംവെക്കുന്നതാണ് 'ഫോർ ഡേ വീക്ക്' കാമ്പയിൻ. ആഴ്ചയിൽ അഞ്ച് ദിവസംകൊണ്ട് ചെയ്തുതീർക്കുന്ന ജോലി അതിലും കുറച്ച് മണിക്കൂറുകൾ കൊണ്ടുതന്നെ ചെയ്തുതീർക്കാൻ കഴിയുമെന്നാണ് ഇതിനു വേണ്ടി വാദിക്കുന്നവർ പറയുന്നത്. പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ നാല് ദിവസമായി കുറച്ചാൽ ഉത്പാദനക്ഷമത വർധിക്കുമെന്നും അവർ ചൂണ്ടിക്കാട്ടുന്നു. ഈ രീതിയിലേക്ക് നേരത്തെതന്നെ മാറിയ സ്ഥാപനങ്ങളിലേക്ക് മികച്ച ജീവനക്കാർ ധാരാളമായി എത്തിയെന്നും അവർ അവിടെതന്നെ തുടരുന്ന പ്രവണത ദൃശ്യമായെന്നും അനുകൂലികൾ പറയുന്നു.

ആറ്റം ബാങ്ക്, ഗ്ലോബൽ മാർക്കറ്റിങ് കമ്പനിയായ അവിൻ എന്നിവയാണ് ആഴ്ചയിൽ നാല് ദിവസംമാത്രം പ്രവൃത്തിദിനമാക്കിയ കമ്പനികളിലെ രണ്ട് വമ്പന്മാർ. രണ്ട് കമ്പനികളിലുമായി 450–ഓളം ജീവനക്കാർക്ക് യു.കെയിലുണ്ട്. ചരിത്രപരമായ മാറ്റത്തിനാണ് തുടക്കം കുറിച്ചതെന്ന് അവിൻ ചീഫ് എക്സിക്യൂട്ടീവ് ആഡം റോസ് ഗാർഡിനോട് പറഞ്ഞു. കഴിഞ്ഞ ഒന്നര വർഷമായി ജീവനക്കാരുടെ ആരോഗ്യത്തിലും ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങളിലും അവരോടുള്ള ഇടപെടലുകളിലും മെച്ചപ്പെട്ട തരത്തിലുള്ള മാറ്റം ദൃശ്യമായിട്ടുണ്ടെന്ന് അദ്ദേഹം അവകാശപ്പെട്ടു.

ടെക്നോളജി, മാർക്കറ്റിങ്, ഇവന്റ്സ് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സർവീസ് സെക്ടറിലുള്ള കമ്പനികളാണ് പുതിയ രീതിയിലേക്ക് മാറിയിട്ടുള്ളത്. എന്നാൽ കെട്ടിടനിർമാണ രംഗത്തും ഉത്പന്ന നിർമാണ രംഗത്തുമുള്ള കമ്പനികളും മാറ്റത്തിനൊരുങ്ങുന്നു എന്നാണ് റിപ്പോർട്ടുകൾ. ആഴ്ചയിൽ നാല് ദിവസം മാത്രം പ്രവൃത്തി ദിനമെന്ന ആശയം വിജയകരമാണെന്ന് പുതിയ രീതിയിലേക്ക് മാറിയ 88 ശതമാനം കമ്പനികളും അവകാശപ്പെടുന്നുവെന്നാണ് മാധ്യമ റിപ്പോർട്ടുകൾ. ഇവയിൽ മിക്ക സ്ഥാപനങ്ങൾക്കും ഉത്പാദനക്ഷമത 95 ശതമാനമായി ഉയർത്താനോ നിലനിർത്താനോ കഴിഞ്ഞുവെന്നും അവർ അവകാശപ്പെടുന്നു.




## 5ജി സിഗ്നലുകൾ വിമാനത്തെ ബാധിക്കുമോ? ആശങ്ക പരിഹാരിക്കാൻ കേന്ദ്ര സർക്കാർ

5ജി സിഗ്നലുകൾ വിമാനസർവീസുകളെ തടസ്സപ്പെടുത്തുമെന്ന ആശങ്ക പരിഹരിക്കാൻ പുതിയ മാർഗനിർദേശങ്ങൾക്ക് കേന്ദ്രം രൂപംനൽകുന്നു. വ്യോമയാന മന്ത്രാലയവും ടെലികോം മന്ത്രാലയവും ചേർന്നാണ് ഇതിനുള്ള പദ്ധതി തയ്യാറാക്കുന്നത്.

ഇതനുസരിച്ച് 5 ജിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ വിമാനത്താവളങ്ങളിൽനിന്ന് അകലെ സ്ഥാപിക്കാനും സിഗ്നലുകളുടെ ശക്തി കുറയ്ക്കാനും നിർദേശമുണ്ടാകും. രാജ്യത്തെ എല്ലാ വിമാനങ്ങളിലെയും ഓൾട്ടിമീറ്റർ (സമുദ്ര നിരപ്പിൽനിന്നുള്ള ഉയരം നിശ്ചയിക്കാനുള്ള ഉപകരണം) 2023 ഓഗസ്റ്റിനുമുമ്പ് നവീകരിക്കാനും നിർദേശിക്കും.

ഈ സാഹചര്യത്തിൽ ആശങ്ക നീക്കണമെന്നാവശ്യപ്പെട്ട് ഡി.ജി.സി.എ. ടെലികോം മന്ത്രാലയത്തിന് സെപ്റ്റംബറിൽ കത്തെഴുതിയിരുന്നു.







# 2024 ഓടെ വിസ്താരയെ എയർ ഇന്ത്യയുമായി ലയിപ്പിക്കും; പ്രഖ്യാപനവുമായി ടാറ്റ

ന്യൂഡൽഹി: വിമാന കമ്പനികളായ വിസ്താരയുടേയും എയർ ഇന്ത്യയുടേയും ഏകീകരണം പ്രഖ്യാപിച്ച് ടാറ്റ ഗ്രൂപ്പ്. ലയനത്തിന്റെ ഭാഗമായി വിസ്താരയിൽ പങ്കാളിത്തമുള്ള സിംഗപ്പൂർ എയർലൈൻസിന് എയർ ഇന്ത്യയിൽ 25.1 ശതമാനം ഉമടസ്ഥാവകാശം ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. 2024 മാർച്ചോടെയാകും ലയനം പൂർത്തീകരിക്കുക. 250 മില്യൺ ഡോളർ (2000 കോടി രൂപയിലധികം) ആയിരിക്കും എയർ ഇന്ത്യയിൽ സിംഗപ്പൂർ എയർലൈൻസിന്റെ നിക്ഷേപം.എയർ ഇന്ത്യയെ സർക്കാരിൽ നിന്ന് ഏറ്റെടുത്തതിന് ശേഷം റൂട്ടുകളിൽ കാര്യമായ പുനക്രമീകരണം ടാറ്റ നടത്തിയിരുന്നില്ല. വിസ്താരയുമായുള്ള ലയനത്തോടെ വൻ മാറ്റങ്ങളുണ്ടാകുമെന്നാണ് റിപ്പോർട്ടുകൾ. വിസ്താരയിൽ നിലവിൽ ടാറ്റയ്ക്ക് 51 ശതമാനം ഓഹരികളാണുള്ളത്. ബാക്കി 49 ശതമാനം ഓഹരികളാണ് സിംഗപ്പൂർ എയർലൈൻസിനുള്ളത്. 2013-ലാണ് ഇരുകമ്പനികളും പങ്കാളിത്തമുണ്ടാക്കിയത്.സർക്കാർ ഓഹരി വിറ്റഴിക്കലിന്റെ ഭാഗമായി ഒരു വർഷം മുമ്പാണ് 18,000 കോടി രൂപയ്ക്ക് എയർ ഇന്ത്യയെ ടാറ്റ വാങ്ങിയത്. എയർ ഇന്ത്യയുടെ ഉപകമ്പനികളേയും ഒറ്റ ബ്രാൻഡിൽ 2024 ഓടെ കൊണ്ടുവരാനാണ് ടാറ്റ ലക്ഷ്യമിടുന്നത്. ടാറ്റയുടെ ഉടമസ്ഥതയിലുള്ള ചെലവ് കുറഞ്ഞ സർവീസുകൾ നടത്തുന്ന എയർ ഇന്ത്യ എക്സ്പ്രസ്, എയർ ഏഷ്യ ഇന്ത്യ തുടങ്ങിയവയും വിസ്താരയ്ക്കൊപ്പം 2024 ഓടെ എയർ ഇന്ത്യ എന്ന ഒറ്റ ബ്രാൻഡിലാകും അറിയപ്പെടുക.എയർ ഇന്ത്യയുടെ 113, എയർ ഏഷ്യ ഇന്ത്യയുടെ 28, വിസ്താരയുടെ 53, എയർ ഇന്ത്യ എക്സ്പ്രസിന്റെ 24 എന്നിങ്ങനെ മൊത്തം വിമാനങ്ങളുടെ എണ്ണം 218 ആണ്.






# ഐ.എഫ്.എഫ്.കെ 2022: ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ബേലാ താറിന്, ടോറി ആന്റ് ലോകിത ഉദ്ഘാടനചിത്രം

**തിരുവനന്തപുരം:** : ദാർശനിക ഗരിമയുള്ള ചിത്രങ്ങളിലൂടെ ലോക സിനിമയിലെ ഇതിഹാസമായി മാറിയ ഹംഗേറിയൻ സംവിധായകൻ ബേല താറിന് 27–ാമത് ഐ.എഫ്.എഫ്.കെയിൽ ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം സമ്മാനിക്കും. പത്തുലക്ഷം രൂപയും ശിൽപ്പവുമടങ്ങുന്നതാണ് അവാർഡ്. മാനുഷിക പ്രശ്നങ്ങളെ ദാർശനികമായി സമീപിച്ചുകൊണ്ട് സവിശേഷമായ ആഖ്യാനശൈലിയിലൂടെ അവതരിപ്പിക്കുന്ന ബേലാ താറിന്റെ ആറ് ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച ചിത്രങ്ങളായ ദ ട്യൂറിൻ ഹോഴ്സ്, വെർക്ക്മീസ്റ്റർ ഹാർമണീസ് എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ആദ്യമായി ഇന്ത്യയിൽ എത്തുന്ന ബേലാ താറിന് ഡിസംബർ 16ന് നടക്കുന്ന സമാപനച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും. ബേലാ താറിന്റെ ചലച്ചിത്രജീവിതത്തെ സമഗ്രമായി പരിചയപ്പെടുത്തിക്കൊണ്ട് സി.എസ്.വെങ്കിടേശ്വരൻ എഴുതിയ 'കാലത്തിന്റെ ഇരുൾഭൂപടങ്ങൾ'എന്ന പുസ്തകം ചലച്ചിത്ര അക്കാദമി പ്രസിദ്ധീകരിക്കും.കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2022 ഡിസംബർ 9 മുതൽ 16 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 27–ാമത് ഐ.എഫ്.എഫ്.കെയിൽ 70 രാജ്യങ്ങളിൽ നിന്നുള്ള 184 സിനിമകൾ പ്രദർശിപ്പിക്കും. ഡിസംബർ ഒമ്പതിന് വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേളയുടെ ഉദ്ഘാടനം നിർവഹിക്കും. സംസ്കാരിക വകുപ്പ് മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും.


ദാർദൻ ബ്രദേഴ്സ് സംവിധാനം ചെയ്ത ടോറി ആന്റ് ലോകിതയാണ് ഉദ്ഘാടന ചിത്രം. ഫ്രഞ്ച് ഭാഷയിലുള്ള ഈ ബെൽജിയൻ ചിത്രത്തിന്റെ ഇന്ത്യയിലെ ആദ്യപ്രദർശനമാണ് ഇത്. കഴിഞ്ഞ മെയിൽ നടന്ന കാൻ ചലച്ചിത്രമേളയുടെ മൽസര വിഭാഗത്തിൽ പ്രദർശിപ്പിക്കുകയും കാൻ 75ാം വാർഷിക പുരസ്കാരം നേടുകയും ചെയ്ത ഈ ചിത്രം, ആഫ്രിക്കയിൽ ജനിച്ച് ബെൽജിയം തെരുവുകളിൽ വളരുന്ന അഭയാർത്ഥികളായ ഒരു ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും ആത്മബന്ധത്തിന്റെ കഥ പറയുന്നു.

അന്താരാഷ്ട്ര മത്സരവിഭാഗത്തിൽ 14 സിനിമകളും മലയാള സിനിമ ടുഡേ വിഭാഗത്തിൽ 12 ചിത്രങ്ങളും ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ ഏഴ് സിനിമകളും പ്രദർശിപ്പിക്കും. സർറിയലിസ്റ്റിക് സിനിമയുടെ ആചാര്യനെന്നറിയപ്പെടുന്ന ചിലിയൻ-ഫ്രഞ്ച് സംവിധായകൻ അലഹാന്ദ്രോ ജൊഡോറോവ്സ്കി, കാൻമേളയിൽ രണ്ടുതവണ പാം ദി ഓർ നേടുക എന്ന അപൂർവബഹുമതിക്ക് ഉടമയായ സെർബിയൻ സംവിധായകൻ എമിർ കുസ്തുറിക്ക, ജർമ്മൻ സംവിധായകൻ എഫ്.ഡബ്ള്യു മുർനോ എന്നിവരുടെ വിഖ്യാത ചിത്രങ്ങളുടെ പ്രത്യേക പാക്കേജുകൾ മേളയുടെ മുഖ്യ ആകർഷണമാവും. കൺട്രി ഫോക്കസ് വിഭാഗത്തിൽ ആറ് സമകാലിക സെർബിയൻ സിനിമകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തൽസമയ സംഗീതത്തിന്റെ അകമ്പടിയോടെ അഞ്ച് നിശ്ശബ്ദ ചിത്രങ്ങൾ പ്രദർശിപ്പിക്കും. ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൗത്ബാങ്ക് തിയേറ്ററിലെ പിയാനിസ്റ്റ് ആയ ജോണി ബെസ്റ്റ് ആണ് നിശ്ശബ്ദചിത്രങ്ങളുടെ പ്രദർശനത്തിനിടെ തൽസമയം പശ്ചാത്തല സംഗീതം പകരുന്നത്.ക്ലാസിക് സിനിമകളുടെ വിഭാഗത്തിൽ ജി.അരവിന്ദന്റെ 'തമ്പ്' പ്രദർശിപ്പിക്കും. മലയാളത്തിലെ നവതരംഗത്തിന് തുടക്കം കുറിച്ച 'സ്വയംവര'ത്തിന്റെ അൻപതാം വാർഷികാഘോഷവേളയിൽ ചിത്രത്തിന്റെ പ്രത്യേകപ്രദർശനവും മേളയിൽ ഉണ്ടായിരിക്കും. സംവിധായകൻ അടൂർ ഗോപാലകൃഷ്ണനെ ചടങ്ങിൽ ആദരിക്കും.ക്യാമറയെ സമരായുധമാക്കി അവകാശപ്പോരാട്ടം നടത്തുന്ന ചലച്ചിത്രപ്രവർത്തകരെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയ സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് ഇത്തവണ ഇറാനിയൻ ചലച്ചിത്രകാരി മഹനാസ് മുഹമ്മദിക്ക് സമ്മാനിക്കും. അഞ്ചു ലക്ഷം രൂപയും ശിൽപ്പവും അടങ്ങുന്നതാണ് അവാർഡ്.

മേളയോടനുബന്ധിച്ച് മുഖ്യവേദിയായ ടാഗോറിൽ രണ്ട് എക്സിബിഷനുകൾ സംഘടിപ്പിക്കും. മാങ്ങാട് രത്നാകരൻ ക്യുറേറ്റ് ചെയ്ത പുനലൂർ രാജന്റെ 100 ഫോട്ടോകളുടെ പ്രദർശനമായ 'അനർഘ നിമിഷം', അനശ്വരനടൻ സത്യന്റെ 110ാം ജന്മവാർഷിക വേളയിൽ അദ്ദേഹത്തിന്റെ 20 വർഷത്തെ ചലച്ചിത്രജീവിതത്തിൽനിന്നുള്ള 110 മിഴിവാർന്ന ചിത്രങ്ങൾ ശേഖരിച്ച് ആർ.ഗോപാലകൃഷ്ണൻ തയാറാക്കിയ 'സത്യൻ സ്മൃതി' എന്നീ പ്രദർശനങ്ങളാണ് സംഘടിപ്പിക്കുന്നത്.മേളയുടെ ഭാഗമായി സംവിധായകരുമായി സംവദിക്കുന്ന ഇൻ കോൺവെർസേഷൻ, ഓപ്പൺ ഫോറം, മീറ്റ് ദ ഡയറക്ടർ, മൺമറഞ്ഞ ചലച്ചിത്രപ്രവർത്തകർക്ക് സ്മരണാഞ്ജലിയർപ്പിക്കുന്ന ഹോമേജ്, അരവിന്ദൻ സ്മാരക പ്രഭാഷണം തുടങ്ങിയ അനുബന്ധപരിപാടികൾ ഉണ്ടായിരിക്കും. മുഖ്യവേദിയായ ടാഗോർ തിയേറ്റർ പരിസരത്ത് എല്ലാ ദിവസവും രാത്രി ഒമ്പതുമണിക്ക് കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കും.

# യു പിയിലെ ആദ്യ വനിതാ പൊലീസ് കമ്മീഷണറായി ലക്ഷ്മി സിംഗിനെ നിയമിച്ചു; സംസ്ഥാനത്തെ 16 ഉദ്യോഗസ്ഥർക്ക് പുതിയ നിയമനം

**നോയിഡ:** ഉത്തർപ്രദേശ് ഗവൺമെന്റ് നോയിഡ പൊലീസ് കമ്മീഷണറായി ലക്ഷ്മി സിംഗിനെ നിയമിച്ചു. സംസ്ഥാനത്ത് പൊലീസ് കമ്മീഷണറാകുന്ന ആദ്യ വനിതാ ഓഫീസറാണ് ലക്ഷ്മി. ഉത്തർപ്രദേശിലെ 16 ഐ പി എസ് ഉദ്യോഗസ്ഥർക്ക് പുതിയ നിയമനം നൽകിയിട്ടുണ്ട്. വാരണസി, ആഗ്ര, പ്രയാഗ് രാജ് എന്നിവിടങ്ങളിലും പുതിയ പൊലീസ് കമ്മീഷണർമാരെ നിയമിച്ചു. സംസ്ഥാനത്ത് നിലവിൽ ഏഴ് പൊലീസ് കമ്മീഷണറേറ്റുകളുണ്ട്. നിലവിൽ നാൽപത്തിയെട്ടുകാരിയായ ലക്ഷ്മി സിംഗ് ലഖ്നൗ മേഖലയിലെ ഐജിയായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. യു പി എസ് സി നടത്തിയ പരീക്ഷകളിൽ ആദ്യ വനിതാ ഐ പി എസ് ടോപ്പർ എന്ന ബഹുമതിയും ഇവർ നേടിയിട്ടുണ്ട്. കൂടാതെ ഹൈദരാബാദിലെ സർദാർ വല്ലഭായ് പട്ടേൽ നാഷണൽ പൊലീസ് അക്കാഡമിയിലെ മികച്ച പ്രൊബേഷണറായി തിരഞ്ഞെടുത്തിരുന്നു. പരിശീലനത്തിനിടെ ലക്ഷ്മി സിംഗിന് പ്രധാനമന്ത്രിയുടെ സിൽവർ ബേഷൻ, ആഭ്യന്തര മന്ത്രിയുടെ പിസ്റ്റൾ എന്നിവയും ലഭിച്ചിട്ടുണ്ട്. 2004ൽ സീനിയർ പൊലീസ് സൂപ്രണ്ടായി നിയമിതയായി. 2013ൽ ഡെപ്യൂട്ടി ഐജിയായും 2018ൽ ഐജിയായും സ്ഥാനക്കയറ്റം ലഭിച്ചു. ബി ജെ പി എം എൽ എ ആയ രാജേശ്വർ സിംഗിനെയാണ് ലക്ഷ്മി സിംഗ് വിവാഹം കഴിച്ചത്.



# ഭിന്നശേഷിക്കാരിക്കുനേരെ ലൈംഗികാതിക്രമം; തൃശ്ശൂരിൽ കോൺഗ്രസ് നേതാവ് അറസ്റ്റിൽ

**കുന്നംകുളം:** തൃശ്ശൂരിൽ ഭിന്നശേഷിക്കാരിക്ക് നേരെ ലൈംഗികാതിക്രമം നടത്തിയ കോൺഗ്രസ് നേതാവ് പിടിയിൽ. കുന്നംകുളം മുൻനഗരസഭാംഗം കൂടിയായ കുന്നംകുളം ആർത്താറ്റ് പുള്ളിക്കപ്പറമ്പിൽ സുരേഷാണ് അറസ്റ്റിലായത്. യുവതിയുടെ സ്വഭാവത്തിൽ മാറ്റങ്ങൾ വന്നതിന് പിന്നാലെ സഹോദരന്റെ ഭാര്യ വിവരങ്ങൾ ചോദിച്ചപ്പോണാണ് പീഡനവിവരം പുറത്തറിഞ്ഞത്.കുറച്ചുനാൾ മുൻപാണ് യുവതിക്കുനേരെ ലൈംഗികാതിക്രമം നടന്നത്. മാതാപിതാക്കൾ മരിച്ചതിനെ തുടർന്ന് സഹോദരന്റെ സംരക്ഷണയിലായിരുന്നു യുവതി കഴിഞ്ഞിരുന്നത്. മറ്റാരുമില്ലാതിരുന്ന സമയത്ത് വീട്ടിൽക്കയറി സുരേഷ് യുവതിയെ ഉപദ്രവിക്കുകയായിരുന്നു എന്നാണ് പോലീസ് പറയുന്നത്. സംഭവം പുറത്തുപറഞ്ഞാൽ കൊലപ്പെടുത്തുമെന്നും ഇയാൾ യുവതിയെ ഭീഷണിപ്പെടുത്തിയിരുന്നു. ഇതേത്തുടർന്ന് യുവതി ഇക്കാര്യം ആരോടും പറഞ്ഞില്ല.

എന്നാൽ യുവതിയുടെ പെരുമാറ്റത്തിൽ മാറ്റമുണ്ടായതോടെ വീട്ടുകാർ വിവരങ്ങൾ ചോദിച്ചപ്പോഴാണ് പീഡനവിവരം പുറത്തറിയുന്നത്. തുടർന്ന് ഇവർ പോലീസിൽ പരാതി നൽകി. കുന്നംകുളം മജിസ്ട്രേറ്റ് മുൻപാകെ രഹസ്യമൊഴിയും നൽകിയിട്ടുണ്ട്.



സംഭവത്തിൽ പോലീസ് കേസ് എടുത്തതോടെ സുരേഷ് ഒളിവിൽ പോയിരുന്നു. തുടർന്ന് പ്രത്യേക അന്വേഷണസംഘത്തെ ഉൾപ്പെടെ നിയോഗിച്ചതിന് പിന്നാലെയാണ് സുരേഷിനെ പിടികൂടാനായത്.

# കോളേജ് വിദ്യാർഥികളെ നടുറോഡിൽ തടഞ്ഞ് മർദിച്ച കേസ്: പ്രതികളുടെ അറസ്റ്റ് രേഖപ്പെടുത്തി

**കോട്ടയം:** കോട്ടയത്ത് തട്ടുകടയിൽ ഭക്ഷണം കഴിക്കാൻ എത്തിയ കോളേജ് വിദ്യാർഥികളെ ആക്രമിച്ച കേസിൽ പ്രതികളായ മൂന്നുപേരുടെ അറസ്റ്റ് രേഖപ്പെടുത്തി. കോട്ടയം വേളൂർ പ്രീമിയർ ഭാഗത്ത് വേളൂത്തറ വീട്ടിൽ നൗഷാദ് മകൻ മുഹമ്മദ് അസ്ലം (29), കോട്ടയം വേളൂർ മാണിക്കുന്നം ഭാഗത്ത് തൗഫീഖ് മഹൽ വീട്ടിൽ അഷ്കർ മകൻ അനസ് അഷ്കർ (22),കുമ്മനം പൊന്മല ഭാഗത്ത് ക്രസന്റ് വില്ല വീട്ടിൽ ഷെറീഫ് മകൻ ഷബീർ (32) എന്നിവരെയാണ് കോട്ടയം വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്.തിങ്കളാഴ്ച രാത്രി കോട്ടയം ഭാരത് ആശുപത്രിയുടെ പരിസരത്തുള്ള തട്ടുകടയിൽ രാത്രി 11 മണിയോടുകൂടി ഭക്ഷണം കഴിക്കാൻ എത്തിയ യുവതിയെയും സുഹൃത്തിനെയുമാണ് ആക്രമിച്ചത്. ഭക്ഷണം കഴിക്കാൻ എത്തിയ യുവതിയോട് ഇവർ ലൈംഗികചുവയോടെ സംസാരിക്കുകയായിരുന്നു. ഇതിനെ യുവതിയും സുഹൃത്തും ചോദ്യം ചെയ്യുകയും ചെയ്തിരുന്നു.തുടർന്ന് ഭക്ഷണം കഴിച്ച് കടയിൽ നിന്ന് ഇറങ്ങിയ യുവതിയെയും സുഹൃത്തിനെയും പ്രതികൾ കാറിൽ പിന്തുടർന്നു. കോട്ടയം സെൻട്രൽ ജങ്ഷൻ ഭാഗത്ത് വെച്ച് ഇവരുടെ വാഹനം തടഞ്ഞുനിർത്തി ആക്രമിക്കുകയായിരുന്നു. വിവരമറിഞ്ഞ് പോലീസ് സ്ഥലലത്തെത്തുകയും പ്രതികളെ പിടികൂടുകയുമായിരുന്നു. പരിക്കേറ്റ യുവതിയും, സുഹൃത്തും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.




പ്രതികളിലൊരാളായ മുഹമ്മദ് അസ്ലമിനെതിരെ കുമരകം സ്റ്റേഷനിൽ അടിപിടി കേസ് നിലവിലുണ്ട്. ജില്ലാപോലീസ് മേധാവി കെ.കാർത്തിക്കിന്റെ നേതൃത്വത്തിൽ വെസ്റ്റ് സ്റ്റേഷൻ എസ്.എച്ച്.ഒ. പ്രശാന്ത് കുമാർ ആർ, എസ് ഐമാരായ ശ്രീജിത്ത്. റ്റി, സജികുമാർ, എ.എസ്.ഐ. രമേശ് കെ.റ്റി. സി.പി.ഒമാരായ ശ്രീജിത്ത്,ഷൈൻതമ്പി എന്നിവർ ഉൾപ്പെട്ട സംഘം ഈ കേസിൽ കൂടുതൽ അന്വേഷണം നടത്തിവരികയാണ്. പ്രതികളെ കോടതിയിൽ ഹാജരാക്കി.

# ഡ്രൈവിംഗ് ടെസ്റ്റിനിടെ യുവതിയോട് മോശമായി പെരുമാറി; മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അറസ്റ്റിൽ

മലപ്പുറം: ഡ്രൈവിംഗ് ടെസ്റ്റിനിടെ യുവതിയോട് അപമര്യാദയായി പെരുമാറിയെന്ന പരാതിയിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അറസ്റ്റിൽ.മലപ്പുറം എം വി ഐയും മഞ്ചേരി കാരക്കുന്ന് സ്വദേശിയുമായ സി ബിജുവിനെയാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്. യുവതിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുത്തതിന് പിന്നാലെ ഇയാൾ ഒളിവിൽ പോകുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ വയനാട്ടിൽ നിന്നാണ് ബിജുവിനെ പിടികൂടിയത്.നവംബർ 17നായിരുന്നു സംഭവം. ഡ്രൈവിംഗ് ടെസ്റ്റിനിടെ ഉദ്യോഗസ്ഥൻ മോശമായി പെരുമാറിയെന്നും വാഹനത്തിനുള്ളിൽ വച്ച് ശരീരത്തിൽ സ്പർശിച്ചെന്നും ആരോപിച്ചാണ് യുവതി പരാതി നൽകിയത്. മലപ്പുറം വനിതാ പൊലീസാണ് കേസ് രജിസ്റ്റർ ചെയ്തത്.




സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും. സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും ബന്ധപെടുക

പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

വിളിക്കുക

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.




special-news



# ഓടുന്ന വ്യവസായികളും നശിക്കുന്ന കേരളവും

ഡോ. മാത്യു ജോയിസ്
ലാസ് വേഗാസ്



'എന്റെ കേരളം എത്ര സുന്ദരം' എന്ന പരസ്യവാചകവും കവിതയും കേൾക്കുമ്പോൾ കോൾമയിർ കൊള്ളുന്നു. പർവതശിഖരങ്ങളും നദികളും പച്ചവിരിച്ച താഴ്വാരങ്ങളും കൊണ്ട് അനുഗ്രഹീതമാണ് എന്റെ കേരളം.ചില പാശ്ചാത്യ രാജ്യങ്ങൾക്ക് തുല്യമായി കേരളീയർക്ക് മികച്ച ജീവിത നിലവാരവും മികച്ച മെഡിക്കൽ, വിദ്യാഭ്യാസ സൗകര്യങ്ങളും ലഭ്യമാണ്. സംസ്ഥാനത്തിന് ഉയർന്ന സാക്ഷരതയുണ്ട്,അത് രാജ്യത്തിന്റെ നിലവാരത്തേക്കാൾ ഉയർന്നതാണ്. കൂടാതെ പുരുഷന്മാർക്കും സ്ത്രീകൾക്കും ആയുർദൈർഘ്യം, മുഴുവൻ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെയും ഏറ്റവും ഉയർന്നതാണ്.നിർഭാഗ്യവശാൽ, ഒരു സംസ്ഥാനമെന്ന നിലയിൽ കേരളം രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളെപ്പോലെ വ്യവസായവൽക്കരിക്കപ്പെട്ടിട്ടില്ല. എന്തായാലും സംസ്ഥാനം മറ്റ് പല കാര്യങ്ങളിലും മുന്നിൽ നിൽക്കുന്നത് കൊണ്ട് സംസ്ഥാനത്തിന്റെ പുരോഗമനമൊന്നും വന്ന് ഭവിക്കയില്ല. അയൽസംസ്ഥാനങ്ങളിലെ നാനാവിധ പുരോഗതികൾ കാണുമ്പോൾ കൊതി തോന്നുകയാണ്, കൂട്ടത്തിൽ നമ്മുടെ ഭരണകർത്താക്കളോടു പുച്ഛവും.75.49% സ്കോറോടെ കേരളം രാജ്യത്ത് 15-ാം സ്ഥാനത്താണ്. എന്നതാണ് ജൂലൈ 4, 2022-ന്, വാണിജ്യ വ്യവസായ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) പുറത്തുവിട്ട കണക്കുകൾ കാണിക്കുന്നത്.മേൽപ്പറഞ്ഞവയുടെ അർത്ഥം കേരളത്തിന് ഒരു മികച്ച ബിസിനസ്സ് ഇക്കോസിസ്റ്റം ഉണ്ടെന്നല്ല, മറിച്ച് ഒരു നുള്ള് സാമാന്യബുദ്ധി ഉപയോഗിച്ചാൽ വിപരീത വീക്ഷണം ആയിരിക്കും ഫലം. ഇത്തരം വീക്ഷണങ്ങൾ പ്രചരിപ്പിക്കുന്നവർ കാര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയല്ല, മറിച്ച് ഭരണകൂടത്തെയും അതിന്റെ നേട്ടങ്ങളെയും മോശമായി ചിത്രീകരിക്കാനാണ് ചെയ്യുന്നത്, എന്ന് കുറ്റപ്പെടുത്തിയതുകൊണ്ടൊന്നും കേരളം നന്നാവില്ല. നൂറിലധികം വ്യവസായശാലകൾ എന്നന്നേക്കുമായി പൂട്ടിക്കിടന്നു നശിച്ചുകൊണ്ടിരിക്കുന്നു, അല്ലെങ്കിൽ പലതും കേരളം വിട്ടുപോയിരിക്കുന്നു. കേരളത്തിൽ നിന്ന് തെലങ്കാനയിലേക്ക് നിക്ഷേപം മാറ്റാനുള്ള കേരളത്തിലെ ഗാർഹിക വസ്ത്രനിർമ്മാതാക്കളായ കിറ്റെക്സ് ഗാർമെന്റ്സ് ലിമിറ്റഡിന്റെ സമീപകാല തീരുമാനം വ്യത്യസ്തമായ കാഴ്ചപ്പാടുകൾക്ക് കാരണമായി. ഇത്രയും നല്ലരീതിയിൽ നടക്കുന്ന ഒരു സ്ഥാപനം കേരളത്തിൽ ഉണ്ടോ? അവരുടെ സമൂഹത്തോടുള്ള പ്രതിബദ്ധത വെളിവാക്കുന്ന പ്രവർത്തനങ്ങളുടെ തെളിവല്ലേ അവരുടെ സ്ഥാപനങ്ങൾ നിലനിന്നിരുന്ന പഞ്ചായത്തുകളിലെ ക്ഷേമപ്രവർത്തനങ്ങൾ? അതിനെ ശ്ലാഘിക്കുന്നതിനു പകരം രാഷ്ട്രീയ പാർട്ടികളും സർക്കാരും അവരോടു കാട്ടിയ നെറികേടിന്റെ പരിണിതഫലമല്ലേ അവർ പുതിയ സംരംഭങ്ങളുമായി തെലുങ്കാനയിലേക്കു പോകേണ്ടിവന്നത്? അവിടുത്തെ സർക്കാർ പൂവിട്ട് കിറ്റെക്സ് സംരംഭങ്ങളെ

kerala
God's Own Country

സ്വാഗതം ചെയ്തുകൊണ്ട് എല്ലാവിധ സംവിധാനങ്ങളും ഒരുക്കിക്കൊടുത്തത് വെറുതെ വാർത്തയല്ലല്ലോ! പണിമുടക്ക്, ഹർത്താൽ, യൂണിയൻ, വൈദ്യുതി പ്രശ്നങ്ങൾ തുടങ്ങി സാധാരണ പ്രശ്നങ്ങളെ കുറിച്ച് മിക്കവർക്കും അറിയാം. അതിൽനിന്നും ഒരു ശാപമോക്ഷം കേരളത്തിന് എന്നെങ്കിലും ലഭിക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം -9.2 ശതമാനം കുറഞ്ഞതായി സംസ്ഥാന ബജറ്റ് അവതരണത്തിന് മുന്നോടിയായി കേരള നിയമസഭയിൽ അവതരിപ്പിച്ച സാമ്പത്തിക സർവേ റിപ്പോർട്ട് പറയുന്നു. കേരളത്തിന്റെ തെക്കൻ ജില്ലയിലെ ലക്ഷക്കണക്കിന് ആളുകളുടെ പ്രധാന ഉപജീവനമാർഗമായ കശുവണ്ടി, കയർ വ്യവസായങ്ങൾ കാലത്തിനനുസരിച്ച് മാറാനുള്ള നയരൂപീകരണക്കാരുടെ അനാസ്ഥ കാരണം മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റപ്പെട്ടു.അദാനി ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ളതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പദ്ധതിക്കെതിരെ, ലത്തീൻ ക്രിസ്ത്യാനികളുടെയും മത്സ്യത്തൊഴിലാളികളുടെയും അതിരൂപത യുദ്ധം പ്രഖ്യാപിച്ചതിനാൽ തലസ്ഥാന നഗരമായ തിരുവനന്തപുരത്തിനടുത്തുള്ള വിഴിഞ്ഞം ട്രാൻസ് ഷിപ്പ്മെന്റ് കണ്ടെയ്നർ തുറമുഖ പദ്ധതി തടഞ്ഞുകൊണ്ടേയിരിക്കുന്നു. രാഷ്ട്രീയ കയ്യാങ്കളികൾ എന്നല്ലാതെ ഈ സമരങ്ങളിൽ മറ്റൊരു നേട്ടവും നമ്മൾ കാണുന്നില്ല. കേരളത്തെ വേട്ടയാടുന്ന രാഷ്ട്രീയ അരാജകത്വവും വ്യാവസായിക അശാന്തിയും കാരണം, ചെറുതും വലുതുമായ നിരവധി വ്യാവസായിക ഗ്രൂപ്പുകൾ സംസ്ഥാനത്ത് നിന്ന് പുറത്തുകടക്കാൻ വേഗത കൂടിക്കൊണ്ടിരിക്കുന്നു. സംസ്ഥാനം വിടുന്ന സംരംഭകരുടെ കൂട്ടത്തിൽ ഏറ്റവുമൊടുവിൽ ചേരുന്നത് നട്ട് കിംഗ് പോലെയുള്ള പാക്കേജുചെയ്ത ഭക്ഷ്യ ഉൽപന്നങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഡോ. ജെ രാജ്മോഹൻ പിള്ളയുടെ ഉടമസ്ഥതയിലുള്ള ബീറ്റ ഗ്രൂപ്പാണ്.ഇന്ത്യയുടെ കശുവണ്ടി രാജാവ് എന്ന് ലേബൽ ചെയ്യപ്പെട്ട, അന്തരിച്ച കെ ജനാർദനൻ പിള്ളയുടെ കുടുംബത്തിൽ നിന്നുള്ള ബീറ്റ ഗ്രൂപ്പ് 100 ഓളം കശുവണ്ടി സംസ്കരണ ഫാക്ടറികൾ അടച്ചുപൂട്ടി, പശ്ചിമാഫ്രിക്കൻ രാജ്യമായ ഗിനിയ-ബിസാവുവിലേക്ക് മാറുകയാണ്.''ഞങ്ങൾ ഗിനിയ-ബിസാവുവിന്റെ ഏറ്റവും വലിയ കശുവണ്ടി സംസ്കരണ-കയറ്റുമതി യൂണിറ്റ് സ്ഥാപിക്കും, അത് സമീപഭാവിയിൽ തന്നെ കുറഞ്ഞത് 2,000 പേർക്ക് ജോലി നൽകും. ബീറ്റ ഗ്രൂപ്പും ഗിനിയ-ബിസാവു ഗവൺമെന്റും തമ്മിൽ ഒപ്പുവച്ച കരാർ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഗ്രൂപ്പ് 100 മില്യൺ ഡോളർ നിക്ഷേപിക്കുമെന്ന്' ബീറ്റ ഗ്രൂപ്പ് ചെയർമാൻ ഡോ രാജ്മോഹൻ പിള്ള പറഞ്ഞു.2.23 ലക്ഷം ഹെക്ടർ കശുവണ്ടി ഫാമുകളുള്ള രാജ്യത്തേക്ക് പഴയ സുഹൃത്ത് രാജ്മോഹൻ പിള്ളയെ സ്വാഗതം ചെയ്യുന്നതിൽ സന്തോഷം പ്രകടിപ്പിച്ച് ഗിനിയ ബിസാവു പ്രധാന മന്ത്രി നുനോ ഗോമസ് നബിയം തന്റെ സോഷ്യൽ മീഡിയ കുറിപ്പിലൂടെ അഭിനന്ദനം അറിയിച്ചു.വിഴിഞ്ഞത്ത് തുറമുഖം അനുവദിച്ചാൽ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗത്തെ ബാധിക്കുമെന്ന് സമര നേതാക്കൾ ആരോപിച്ചു. സംസ്ഥാന സർക്കാരിനെ വിമർശിക്കാൻ ഡോ. പിള്ള തയ്യാറായില്ലെങ്കിലും സർക്കാരിന്റെ വ്യാവസായിക നയങ്ങളുടെ അടിസ്ഥാനത്തിലാണ് നിക്ഷേപകരും സംരംഭകരും ബിസിനസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 2016 മുതൽ സംസ്ഥാനത്ത് ആരംഭിച്ച വ്യവസായങ്ങളുടെ കണക്കെടുത്താൽ നിരാശാജനകമായിരി...
ട്ടപ്പ് യൂണിറ്റുകൾ ഒഴികെ മറ്റാ...
നടത്താൻ തയ്യാറല്ല, ''അദ്ദേഹ...
നിയമവുമായി മാറിയ ട്രേഡ്...
മനോഭാവം ഭയന്ന് സംരംഭക...
വിടുന്ന സമയത്താണ് ആഫ്ര...
ത്തനം മാറ്റാനുള്ള ബീറ്റ ഗ്രൂ...
മന്ത്രി നുനോ ഗോമസ് നമ്പ...
ഗിനിയ-ബിസാവു സർക്കാ...
ക്ഷണത്തോടുള്ള പ്രതികരണ...
മാറ്റാനുള്ള തീരുമാനമെന്ന് ...
ദൈവത്തിന്റെ സ്വന്തം നാട്ടിൽ ...
ന്ന് കേരളത്തിലെ കോർപ്പറേ...
ക്ഷേപം അല്ലെങ്കിൽ വിപുലീക...
നടക്കുമെന്ന് യാതൊരു പ്രതീ...
ക്കൾ പരസ്പരം ആരോപണ...
വെടിയുതിർക്കുമ്പോൾ, അത്...
ാകാനുള്ള സൂചനയാണ്,' ഒര...
ദേശകൻ പറഞ്ഞു.രണ്ട് ലക്ഷ...
ജോലി ചെയ്യുന്ന കശുവണ്ടി...
ഓട്ടോമേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിലെ ട്രേഡ് യൂണിയനുകളുടെ ചെറുത്തുനിൽപ്പിനെ തുടർന്ന് തകർന്നുകൊണ്ടിരിക്കുകയായിരുന്നു. ''ഈ മേഖലയിൽ നിന്ന് കാര്യമായ ലാഭമൊന്നുമില്ല. എങ്കിലും തൊഴിലാളികളെ ആശ്രയിക്കുന്ന വ്യവസായമായതിനാൽ ആയിരക്കണക്കിന് പേർക്ക് ജോലി നൽകാൻ സാധിച്ചു,'' ഡോ.പിള്ള പറഞ്ഞു. കേരളത്തിന്റെ വ്യവസായ പിന്നാക്കാവസ്ഥക്ക് കാരണം ഭാരിച്ച തൊഴിലാളി യൂണിയൻവൽക്കരണം, നിക്ഷേപ സൗഹാർദ്ദപരമായ വെറും പ്രതിച്ഛായ, സ്വകാര്യ നിക്ഷേപത്തോടുള്ള സിവിൽ സമൂഹത്തിന്റെ ശത്രുതാപരമായ മനോഭാവം തുടങ്ങിയ ഘടനാപരമായ ഘടകങ്ങളാണെങ്കിലും, വൻകിട ഫാക്ടറികൾ സ്ഥാപിച്ച് വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുന്നത് കേരളത്തിൽ സാധ്യമല്ല എന്നതാണ് വസ്തുത. മാലിന്യ സംസ്കരണത്തിൽ കേരളം വൻ പരാജയമാണ്. വിശാലമായ ഭൂമിയുടെ കുറവും പാരിസ്ഥിതിക തകർച്ചയെക്കുറിച്ചുള്ള ആശങ്കകളും വൻ വ്യവസായങ്ങൾ കേരളത്തിലേക്ക് വരാൻ തടസ്സമാണ്.സംസ്ഥാനത്തെ വ്യവസായവൽക്കരണം മോശമായതിൽ ട്രേഡ് യൂണിയനുകൾക്ക് വലിയ പങ്കുണ്ട്. കുറഞ്ഞ കൂലിയാണെന്ന് പറഞ്ഞുകൊണ്ട് അവർ തൊഴിലാളികളെ ബ്രെയിൻ വാഷ് ചെയ്തു. ട്രേഡ് യൂണിയനുകൾ എപ്പോഴും പണിമുടക്കിന് കാരണം തേടുന്നു.ഇപ്പോൾ യൂണിയനുകൾ അതിന്റെ വഴികൾ പഠിച്ചിട്ടുണ്ടാകുമെങ്കിലും, കാഴ്ചപ്പാടിന്റെയും നേതൃത്വത്തിന്റെയും അഭാവം വലിയ ആശങ്കയാണ്. ബ്യൂറോക്രസിയോ രാഷ്ട്രീയക്കാരോ പ്രാദേശിക യൂണിയനുകളോ ഇതൊന്നും കാര്യമായി എടുക്കില്ല. കേരളം വികസിക്കണം എന്ന് പറയുമ്പോൾ അവരുടെ കീശ വികസിപ്പിക്കാൻ മാത്രമേ അവരുടെ ചിന്ത പോകുന്നുള്ളുവെന്ന് തോന്നിപ്പോകുന്നു. ചുരുക്കത്തിൽ കേരളത്തിൽ വ്യവസായങ്ങൾ നശിക്കയോ നശിപ്പിക്കപ്പെടുകയോ ചെയ്തുകൊണ്ടിരിക്കുന്നു. എങ്കിലും സർവീസ് ഇൻഡസ്ട്രി തുടങ്ങാനുള്ള നല്ല സ്ഥലമാണ് കേരളം, അതാകുമ്പോൾ ശരിയായ കഴിവുള്ളവരെ വേണ്ടവിധം വിനിയോഗിക്കുകയും ചെയ്യാം, കൂടാതെ ട്രേഡ് യൂണിയനിസം ഉൾപ്പെടില്ല. എന്നാൽ നിർമ്മാണ വ്യവസായത്തിന്, നിക്ഷേപകർ ഈയവസരത്തിൽ ധൈര്യം കാണിക്കുമെന്ന് തോന്നുന്നില്ല. ബിസിനസ് ചെയ്യാൻ ഏറ്റവും ബുദ്ധിമുട്ടുള്ള സ്ഥലമായതിനാൽ, കേരളത്തിൽ വിജയിക്കുകയാണെങ്കിൽ നിങ്ങൾക്ക് എവിടെയും വിജയിക്കാം!

ഫലപ്രദമായ പാരമ്പര്യ ചികിത്സ
ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, തൃപ്തിയില്ലായ്മ
(പാർശ്വഫലങ്ങളില്ലാത്ത യുനാനി ചികിത്സ)
വയസ് പ്രശ്നമല്ല.
ദാമ്പത്യജീവിതത്തിൽ നിരാശയിൽ കഴിയുന്നവർ യുനാനി ചികിത്സയിൽ 35 വർഷത്തെ സേവനപാരമ്പര്യമുള്ള ഹക്കീം അവർകളെ നേരിൽ കാണുക

അൽ-മദീന വൈദ്യ-കണ്ണൂർ
ലക്ഷ്മി കോംപ്ലക്സ്, റൂം നം. 5, കൊയിലി ഹോസ്പിറ്റലിന് മുൻവശം, തലാപ്പ്, കണ്ണൂർ-4
ചൊവ്വ, വ്യാഴം, ശനി, (ഞായർ ഉച്ചവരെ) ഹക്കീം അവർകൾ ഉണ്ടായിരിക്കുന്നതാണ്
ഫോൺ: 9388824933, 8129209023

FILM WORLD





# 27ാമത് ഐ.എഫ്.എഫ്.കെ:ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ബേലാ താറിന്

ദാർശനിക ഗരിമയുള്ള ചിത്രങ്ങളിലൂടെ ലോകസിനിമയിലെ ഇതിഹാസമായി മാറിയ ഹംഗേറിയൻ സംവിധായകൻ ബേല താറിന് 27ാമത് ഐ.എഫ്.എഫ്.കെയിൽ ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം സമ്മാനിക്കും. പത്തുലക്ഷം രൂപയും ശിൽപ്പവുമടങ്ങുന്നതാണ് അവാർഡ്. മാനുഷിക പ്രശ്നങ്ങളെ ദാർശനികമായി സമീപിച്ചുകൊണ്ട് സവിശേഷമായ ആഖ്യാനശൈലിയിലൂടെ അവതരിപ്പിക്കുന്ന ബേലാ താറിന്റെ ആറ് ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച ചിത്രങ്ങളായ ദ ട്യൂറിൻ ഹോഴ്സ്, വെർക്ക്മീസ്റ്റർ ഹാർമണീസ് എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യമായി ഇന്ത്യയിൽ എത്തുന്ന ബേലാ താറിന് ഡിസംബർ 16ന് നടക്കുന്ന സമാപനച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും. ബേലാ താറിന്റെ ചലച്ചിത്ര ജീവിതത്തെ സമഗ്രമായി പരിചയപ്പെടുത്തിക്കൊണ്ട് സി.എസ്.വെങ്കിടേശ്വരൻ എഴുതിയ 'കാലത്തിന്റെ ഇരുൾഭൂപടങ്ങൾ'എന്ന പുസ്തകം ചലച്ചിത്ര അക്കാദമി പ്രസിദ്ധീകരിക്കും.കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2022 ഡിസംബർ 9 മുതൽ 16 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 27ാമത് ഐ.എഫ്.എഫ്.കെയിൽ 70 രാജ്യങ്ങളിൽനിന്നുള്ള 184 സിനിമകൾ പ്രദർശിപ്പിക്കും. ഡിസംബർ ഒമ്പതിന് വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേളയുടെ ഉദ്ഘാടനം നിർവഹിക്കും. സംസ്കാരിക വകുപ്പ് മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും.ദാർദൻ ബ്രദേഴ്സ് സംവിധാനം ചെയ്ത ടോറി ആന്റ് ലോകിതയാണ് ഉദ്ഘാടന ചിത്രം. ഫ്രഞ്ച് ഭാഷയിലുള്ള ഈ ബെൽജിയൻ ചിത്രത്തിന്റെ ഇന്ത്യയിലെ ആദ്യപ്രദർശനമാണ് ഇത്. കഴിഞ്ഞ മെയിൽ നടന്ന കാൻ ചലച്ചിത്രമേളയുടെ മൽസര വിഭാഗത്തിൽ പ്രദർശിപ്പിക്കുകയും കാൻ 75ാം വാർഷിക പുരസ്കാരം നേടുകയും ചെയ്ത ഈ ചിത്രം, ആഫ്രിക്കയിൽ ജനിച്ച് ബെൽജിയം തെരുവുകളിൽ വളരുന്ന അഭയാർത്ഥികളായ ഒരു ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും ആത്മബന്ധത്തിന്റെ കഥ പറയുന്നു.അന്താരാഷ്ട്ര മൽസരവിഭാഗത്തിൽ 14 സിനിമകളും മലയാള സിനിമ റ്റുഡേ വിഭാഗത്തിൽ 12 ചിത്രങ്ങളും ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ ഏഴ് സിനിമകളും പ്രദർശിപ്പിക്കും. സർറിയലിസ്റ്റ് സിനിമയുടെ ആചാര്യനെന്നറിയപ്പെടുന്ന ചിലിയൻ-ഫ്രഞ്ച് സംവിധായകൻ അലഹാന്ദ്രോ ജൊഡോറോവ്സ്കി, കാൻമേളയിൽ രണ്ടുതവണ പാം ദി ഓർ നേടുക എന്ന അപൂർവബഹുമതിക്ക് ഉടമയായ സെർബിയൻ സംവിധായകൻ എമിർ കുസ്തുറിക്ക, ജർമ്മൻ സംവിധായകൻ എഫ്.ഡബ്ല്യു മുർനോ എന്നിവരുടെ വിഖ്യാത ചിത്രങ്ങളുടെ പ്രത്യേക പാക്കേജുകൾ മേളയുടെ മുഖ്യ ആകർഷണമാവും. കൺട്രി ഫോക്കസ് വിഭാഗത്തിൽ ആറ് സമകാലിക സെർബിയൻ സിനിമകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തൽസമയ സംഗീതത്തിന്റെ അകമ്പടിയോടെ അഞ്ച് നിശ്ശബ്ദ ചിത്രങ്ങൾ പ്രദർശിപ്പിക്കും. ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൗത്ബാങ്ക് തിയേറ്ററിലെ പിയാനിസ്റ്റ് ആയ ജോണി ബെസ്റ്റ് ആണ് നിശ്ശബ്ദചിത്രങ്ങളുടെ പ്രദർശനത്തിനിടെ തൽസമയം പശ്ചാത്തല സംഗീതം പകരുന്നത്.പുനരുദ്ധരിച്ച ക്ളാസിക് സിനിമകളുടെ വിഭാഗത്തിൽ ജി.അരവിന്ദന്റെ 'തമ്പ്' പ്രദർശിപ്പിക്കും. മലയാളത്തിലെ നവതരംഗത്തിന് തുടക്കം കുറിച്ച 'സ്വയംവര'ത്തിന്റെ അൻപതാം വാർഷികാഘോഷവേളയിൽ ചിത്രത്തിന്റെ പ്രത്യേകപ്രദർശനവും മേളയിൽ ഉണ്ടായിരിക്കും. സംവിധായകൻ അടൂർ ഗോപാലകൃഷ്ണനെ ചടങ്ങിൽ ആദരിക്കും.ക്യാമറയെ സമരായുധമാക്കി അവകാശപ്പോരാട്ടം നടത്തുന്ന ചലച്ചിത്രപ്രവർത്തകരെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയ സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് ഇത്തവണ ഇറാനിയൻ ചലച്ചിത്രകാരി മഹനാസ് മുഹമ്മദിക്ക് സമ്മാനിക്കും. അഞ്ചു ലക്ഷം രൂപയും ശിൽപ്പവും അടങ്ങുന്നതാണ് അവാർഡ്.മേളയോടനുബന്ധിച്ച് മുഖ്യവേദിയായ ടാഗോറിൽ രണ്ട് എക്സിബിഷനുകൾ സംഘടിപ്പിക്കും. മാങ്ങാട് രത്നാകരൻ ക്യുറേറ്റ് ചെയ്ത പുനലൂർ രാജന്റെ 100 ഫോട്ടോകളുടെ പ്രദർശനമായ 'അനർഘ നിമിഷം', അനശ്വരനടൻ സത്യന്റെ 110ാം ജന്മവാർഷിക വേളയിൽ അദ്ദേഹത്തിന്റെ 20 വർഷത്തെ ചലച്ചിത്രജീവിതത്തിൽനിന്നുള്ള 110 മിഴിവാർന്ന ചിത്രങ്ങൾ ശേഖരിച്ച് ആർ.ഗോപാലകൃഷ്ണൻ തയാറാക്കിയ 'സത്യൻ സ്മൃതി' എന്നീ പ്രദർശനങ്ങളാണ് സംഘടിപ്പിക്കുന്നത്. മേളയുടെ ഭാഗമായി സംവിധായകരുമായി സംവദിക്കുന്ന ഇൻ കോൺവെർസേഷൻ, ഓപൺ ഫോറം, മീറ്റ് ദ ഡയറക്ടർ, മൺമറഞ്ഞ ചലച്ചിത്രപ്രവർത്തകർക്ക് സ്മരണാഞ്ജലിയർപ്പിക്കുന്ന ഹോമേജ്, അരവിന്ദൻ സ്മാരക പ്രഭാഷണം തുടങ്ങിയ അനുബന്ധപരിപാടികൾ ഉണ്ടായിരിക്കും. മുഖ്യവേദിയായ ടാഗോർ തിയേറ്റർ പരിസരത്ത് എല്ലാ ദിവസവും രാത്രി ഒമ്പതുമണിക്ക് കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കും മലയാളികളുടെ പ്രിയപ്പെട്ട കൊറിയൻ സംവിധായകൻ കിം കിം ഡുക്കിന്റെ അവസാന ചിത്രമായ കാൾ ഓഫ് ഗോഡ് രാജ്യാന്തര ചലച്ചിത്ര മേളയിൽ പ്രദർശിപ്പിക്കും.




ആകസ്മികമായി കണ്ടുമുട്ടുന്ന രണ്ടു കമിതാക്കളുടെ പ്രക്ഷുബ്ധവും ദാരുണവുമായ പ്രണയകഥ പ്രമേയമാക്കിയ ചിത്രത്തിന്റെ ഇന്ത്യയിലെ ആദ്യ പ്രദർശനമാണ് രാജ്യാന്തര മേളയിലേത്.സിനിമയുടെ ചിത്രീകരണത്തിനിടെ കോവിഡ് ബാധിതനായി മരിച്ച കിംമിന്റെ സുഹൃത്തുക്കളാണ് ചിത്രം പൂർത്തിയാക്കിയത്.അബ്ലായ് മറാറ്റോവ്, ഷാനൽ സെർഗാസിന എന്നിവർ നായികാനായകന്മാരായ ചിത്രം ലാത്വിയ, എസ്റ്റോണിയ, കിർഗിസ്ഥാൻ എന്നിവിടങ്ങളിലായാണ് ചിത്രീകരിച്ചത് .വെനീസ് ചലച്ചിത്രമേളയിൽ പ്രേക്ഷകപ്രീതി നേടിയ ചിത്രം രാജ്യാന്തര മേളയിലെ ഓട്ടിയർ ഓട്സ് വിഭാഗത്തിലാണ് പ്രദർശിപ്പിക്കുന്നത്.രാജ്യാന്തര ചലച്ചിത്രമേളയുടെ മത്സരവിഭാഗത്തിൽ മാറ്റുരയ്ക്കുന്ന ചിത്രങ്ങളിൽ പകുതിയിലേറെയും ഒരുക്കിയിരിക്കുന്നത് നവാഗത സംവിധായകർ. നാലു ഇന്ത്യൻ ചിത്രങ്ങൾ ഉൾപ്പടെ തുർക്കി,ഇറാൻ , ഇസ്രയേൽ ,ബോളിവിയ,വിയറ്റ്നാം തുടങ്ങി പതിനൊന്നു രാജ്യങ്ങളിൽ നിന്നുള്ള ചിത്രങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. മഹേഷ് നാരായണൻ സംവിധാനം ചെയ്ത അറിയിപ്പ് ,ലിജോജോസ് പെല്ലിശ്ശേരിയുടെ നൻപകൽ നേരത്ത് മയക്കം എന്നിവയാണ് ഈ വിഭാഗത്തിലെ മലയാള ചിത്രങ്ങൾ .ഏകതാര കളക്റ്റീവ് നിർമ്മിച്ച എ പ്ലേസ് ഓഫ് ഔർ ഓൺ , മണിപ്പൂരി സംവിധായകൻ റോമി മൈതേയിയുടെ ഔർ ഹോം എന്നിവയാണ് മല്സര വിഭാഗത്തിലുള്ള മറ്റ് ഇന്ത്യൻ ചിത്രങ്ങൾ.മല്സര വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന എട്ടു ചിത്രങ്ങൾ ഒരുക്കിയിരിക്കുന്നത് നവാഗത സംവിധായകരാണ്. ഇറാനിയൻ സംവിധായകനായ മെഹ്ദിഹസ്സൻ ഫാരിയുടെ ഹൂപ്പോ ,ഫിറാസ് ഖോരി സംവിധാനം ചെയ്ത ആലം ,മൈക്കേൽ ബോറോഡിൻ ഒരുക്കിയ റഷ്യൻ ചിത്രം കൺവീനിയൻസ് സ്റ്റോർ ,ബോളിവിയൻ ചിത്രം ഉതാമ ,വിയറ്റ്നാം ചിത്രം മെമ്മറിലാൻഡ് ,അമിൽ ശിവ്ജി സംവിധാനം ചെയ്ത ടഗ് ഓഫ് വാർ ,ബ്രസീലിയൻ ചിത്രം കോർഡിയലി യുവേഴ്സ് ,ഏകതാര കളക്റ്റീവ് നിർമ്മിച്ച എ പ്ലേസ് ഓഫ് ഔവർ ഓൺ എന്നിവയാണ് മല്സര വിഭാഗത്തിലെ നവാഗത ചിത്രങ്ങൾ. ഒൻപതു ചിത്രങ്ങളുടെ ഇന്ത്യയിലെ ആദ്യ പ്രദർശനവും ലിജോ ജോസ് പെല്ലിശ്ശേരിയുടെ നൻപകൽ നേരത്ത് മയക്കം എന്ന ചിത്രത്തിന്റെ ലോകത്തിലെ ആദ്യപ്രദർശനവും മത്സര വിഭാഗത്തിലുണ്ട്ബർലിൻ ,ജറുസലേം ,റിയോഡി ജനീറ എന്നീ മേളകളിൽ നോമിനേഷൻ നേടിയ ഐഡാൻ ഹേഗ്വൽ ചിത്രം കൺസേൺഡ് സിറ്റിസണും മല്സര വിഭാഗത്തിലുണ്ട്. ടർക്കിഷ് തിരക്കഥാകൃത്തും സംവിധായകനുമായ തയ്ഫുൻ പിർസെലിമോഗ്ലു ഒരുക്കിയ കെർ എന്ന ചിത്രവും മത്സര വിഭാഗത്തിൽ പ്രദർശിപ്പിക്കും.



# ചന്ദ്രമുഖി 2ൽ നായികയായി കങ്കണ റണാവത്ത്

പി വാസു സംവിധാനം ചെയ്യുന്ന ചന്ദ്രമുഖി 2 വിൽ കങ്കണ റണാവത്ത് ടൈറ്റിൽ റോളിൽ എത്തുമെന്ന് പറയപ്പെടുന്നു2005-ൽ പുറത്തിറങ്ങിയ ചിത്രത്തിന്റെ പ്രീക്വലിൽ രജനികാന്ത്, ജ്യോതിക, വടിവേലു, നയൻതാര, തുടങ്ങിയവർ അഭിനയിച്ചിരുന്നു. മലയാളത്തിലെ ഹിറ്റ് ചിത്രമായ മണിച്ചിത്രത്താഴ് എന്ന ചിത്രത്തിന്റെ തമിഴ് റീമേക്കായിരുന്നു ഇത്, നിരവധി ഇന്ത്യൻ ഭാഷകളിലേക്ക് റീമേക്ക് ചെയ്യപ്പെട്ടു. റിപ്പോർട്ട് അനുസരിച്ച് കങ്കണ ഒരു രാജാവിന്റെ കൊട്ടാരത്തിലെ നർത്തകിയുടെ വേഷമാണ് അവതരിപ്പിക്കുന്നത്. രാഘവ ലോറൻസാണ് തുടർഭാഗത്തെ നായകൻ. ഡിസംബർ ആദ്യവാരം കങ്കണ ചിത്രത്തിന്റെ ഷൂട്ടിംഗ് ആരംഭിക്കുമെന്നാണ് റിപ്പോർട്ട്. തന്റെ രണ്ടാമത്തെ സംവിധാനം എമെർജൻസിയിലും അവർ പ്രവർത്തിക്കുമ്ബോൾ, ചന്ദ്രമുഖി 2 ന്റെ രണ്ടാം ഷെഡ്യൂൾ ജനുവരിയിൽ ആരംഭിക്കും.

BUSINESS NEWS



# പ്രീമിയം ടയർ ബ്രാൻഡായ 'റെയ്സ്' ഇന്ത്യയിൽ അവതരിപ്പിച്ചു

ഓട്ടോമോട്ടീവ് മേഖലയിലെ ഏറ്റവും പ്രശസ്തമായ പേരുകളിലൊന്നായ മഹൻസാരിയ ഗ്രൂപ്പിന്റെ ഡിവിഷനായ റെയ്സ് മോട്ടോ, തങ്ങളുടെ പ്രീമിയം ടൂവീലർ ടയർ ബ്രാൻഡായ 'റെയ്സ്' ഇന്ത്യയിൽ അവതരിപ്പിച്ചു. യൂറോപ്യൻ ബ്രാൻഡായ മിറ്റാസുമായി ചേർന്നാണ് മഹൻസാരിയ ഗ്രൂപ്പ് റെയ്സ് ടയറുകൾ പുറത്തിറക്കുന്നത്. യൂറോപ്യൻ രൂപകൽപ്പനയും ഇന്ത്യൻ എഞ്ചിനിയറിങ്ങും ചേർന്ന, റോഡിലായാലും ഓഫ്റോഡിലായാലും ആത്മവിശ്വാസത്തോടെ സഞ്ചരിക്കാൻ ആഗ്രഹിക്കുന്ന ഇന്ത്യയിലെ ഇരുചക്രവാഹന ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന വിഭാഗത്തിനായി ക്യൂറേറ്റ് ചെയ്തതാണ് റെയ്സ്. മിറ്റാസിന്റെ യൂറോപ്യൻ സാങ്കേതികവിദ്യയിലേക്കുള്ള ആക്സസ് ഉപയോഗിച്ച്, റെയ്സ് മോട്ടോ ഇന്ത്യയിലെ ഇരുചക്രവാഹന ഉപഭോക്താക്കൾക്കായി റെയ്സ് ബ്രാൻഡിന് കീഴിൽ സാങ്കേതികമായി മികച്ച ഉൽപ്പന്നങ്ങളുടെ വിശാലമായ ശ്രേണി കൊണ്ടുവരുന്നു. മോട്ടോർസൈക്കിൾ വിഭാഗത്തിന് ട്രേയിൽ ആർ, ടൂർ ആർ, ട്രേസ് ആർ, ട്രൂപ ആർ എന്നിവയും സ്കൂട്ടർ വിഭാഗത്തിന് ട്രിപ്പ് ആർ, ടിസ്റ്റ് ആർ എന്നിങ്ങനെ 6 ഉപ ബ്രാൻഡുകളിലാണ് റെയ്സ് ടയറുകൾ പുറത്തിറക്കിയിരിക്കുന്നത്. മോട്ടോർ സൈക്കിളുകളുടെ വിഭാഗത്തിൽ എല്ലാ ഭൂപ്രദേശങ്ങളും കീഴടക്കാൻ ആഗ്രഹിക്കുന്ന യഥാർത്ഥ ഓഫ്-റോഡർക്കായി ട്രയൽആർ സീരീസ് രൂപകൽപ്പന ചെയ്തിരിക്കുന്നു. അതേസമയം ടൂർ ആർ രൂപകൽപ്പന ചെയ്തിരിക്കുന്നത് യാത്രയ്ക്കിടയിൽ മൈലുകൾ താണ്ടാൻ ആഗ്രഹിക്കുന്ന സാഹസികർക്ക് വേണ്ടിയാണ്; ട്രെയ്സ്ആർ സീരീസ് റേസ്ട്രാക്ക്-പ്രചോദിത സ്റ്റിക്കി റോഡ് ടയറുകളാണ്, കൂടാതെ ട്രൂപ്പ്ആർ കമ്മ്യൂട്ടർ സെഗ്മെന്റിനെ പരിപാലിക്കുന്നു. സ്കൂട്ടർ വിഭാഗത്തിൽ, ട്രിപ്പ്ആർ സീരീസ് കൂടുതൽ ദൂരം സഞ്ചരിക്കുന്നതിനുള്ള ടൂറിംഗ് ടയറുകളാണ്.



ടിസ്റ്റ്ആർ സീരീസ് നഗരത്തിലും പരിസരത്തും വേഗത്തിൽ കറങ്ങാനുള്ളതാണ്. "ഇന്നത്തെ അത്യധികം ചലനാത്മകമായ ഇന്ത്യൻ ഇരുചക്രവാഹന മേഖലയിൽ, തങ്ങളുടെ വണ്ടികളിൽ നിന്ന് യാത്ര ചെയ്യുന്നതിനേക്കാൾ കൂടുതൽ പ്രതീക്ഷിക്കുന്ന ഉത്സാഹികളുടെ എക്കാലത്തെയും വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുക എന്നതാണ് പ്രധാനം. ഇന്ത്യൻ റോഡുകൾക്കായുള്ള അന്താരാഷ്ട്ര നിലവാരമുള്ള ടയറുകളുടെ ഡിമാൻഡിലെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ, ഇന്ത്യൻ ടയർ വ്യവസായത്തെക്കുറിച്ചുള്ള നമ്മുടെ ആഴത്തിലുള്ള ധാരണയുടെ ഫലമാണ് റെയ്സ് മോട്ടോ. ലോകോത്തര റൈഡിംഗ് അനുഭവം ഉയർത്തുകയും നൽകുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ ആദ്യത്തേതും തുടർച്ചയുള്ളതുമായ ലക്ഷ്യം, കൂടുതൽ സവാരി ചെയ്യാനുള്ള ആത്മവിശ്വാസത്തോടെ പുതിയ റോഡുകളിൽ കയറാൻ റെയ്സ് റൈഡർമാരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു.' റെയ്സ് മോട്ടോയുടെ സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ യോഗേഷ് മഹൻസാരിയ പറഞ്ഞു. 'ലോകത്തിലെ ഏറ്റവും വലിയ ഇരുചക്ര വാഹന നിർമ്മാതാക്കളിൽ ഒന്നാണ് ഇന്ത്യ. റെയ്സ് മോട്ടോ അതിന്റെ വിപുലമായ ശ്രേണിയിൽ, ഇരുചക്രവാഹന ടയർ വിപണിയിലെ ഏറ്റവും അഭിലഷണീയവും പ്രബലവുമായ കളിക്കാരനായി മാറുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്," ശ്രീ മഹൻസാരിയ കൂട്ടിച്ചേർത്തു. ഇന്ത്യൻ വിപണിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ടയറുകളുടെ വിശാലമായ ശ്രേണി വാഗ്ദാനം ചെയ്യുന്നതിനൊപ്പം, ടൂ വീലർ 'ടൂറിംഗിനെ' പ്രോത്സാഹിപ്പിക്കുന്നതിനും ഇടപഴകുന്നതിനുമായി ഓഫ്-റോഡ് ട്രെയിനിംഗ് അക്കാദമി, ബാക്ക്കൺട്രി ട്രയലുകൾ തുടങ്ങിയ പ്രത്യേക ബ്രാൻഡ് എക്സ്പീരിയൻഷ്യൽ സംരംഭങ്ങൾ ഇന്ത്യയിലെ 'സാഹസികത' പ്രേമികൾക്കായി സൃഷ്ടിക്കാനും റെയ്സ് മോട്ടോ പദ്ധതിയിടുന്നു.




# എഫ്ടിഎക്സിന്റെ തുടർച്ച; പാപ്പരത്ത ഹർജി ഫയൽ ചെയ്ത് ബ്ലോക്ക്ഫൈ

എഫ്ടിഎക്സിന് പിന്നാലെ ക്രിപ്റ്റോ മേഖലയിലെ മറ്റൊരു പ്രമുഖ കമ്ബനി കൂടി തകരുന്നു. ന്യൂ ജഴ്സി ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്ലോക്ക്ഫൈ (ആഹീരസഎശ) ആണ് പാപ്പരത്ത ഹർജി ഫയൽ ചെയ്തത്.ക്രിപ്റ്റോ നിക്ഷേപം സ്വീകരിക്കുകയും ഈടിന്മേൽ വായ്പ നൽകുകയും ചെയ്യുന്ന സ്ഥാപനമാണ് ബ്ലോക്ക്ഫൈ.ക്രിപ്റ്റോ കറൻസികളുടെ വില ഇടിഞ്ഞതിനെ തുടർന്ന് മാസങ്ങളായി സാമ്ബത്തിക പ്രതിസന്ധിയിലായിരുന്നു ബ്ലോക്ക്ഫൈ. തുടർന്ന് കഴിഞ്ഞ ജൂണിൽ എഫ്ടിഎക്സുമായി 400 മില്യൺ ഡോളറിന്റെ ഒരു കാരാറിൽ ബ്ലോക്ക്ഫൈ എത്തിയിരുന്നു. കമ്ബനിയെ ഏറ്റെടുക്കാൻ എഫ്ടിഎക്സിന് അവസരം നൽകുന്നത് കൂടിയായിരുന്നു ഡീൽ. തുടർന്ന് എഫ്ടിഎക്സിൽ നിന്ന് 275 മില്യൺ ഡോളർ ബ്ലോക്ക്ഫൈ വായ്പയും എടുത്തു.എഫ്ടിഎക്സ് തകർന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്ലാറ്റ്ഫോമിലെ പണം പിൻവലിക്കൽ ബ്ലോക്ക്ഫൈ അവസാനിപ്പിച്ചിരുന്നു. ഒരുലക്ഷത്തിലധികം പേരാണ് ബ്ലോക്ക്ഫൈയിൽ നിക്ഷേപം നടത്തിയിട്ടുള്ളത്. കമ്ബനിയുടെ ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യം ഏകദേശം 10 ബില്യൺ ഡോളറോളം ആണ്. നിലവിൽ 257 മില്യൺ ഡോളർ മാത്രമാണ് പണമായി ബ്ലോക്ക്ഫൈയുടെ കൈയ്യിലുള്ളത്. അൻകൂര ട്രസ്റ്റിനാണ് ബ്ലോക്ക്ഫൈ ഏറ്റവും അധികം പണം (729 ബില്യൺ ഡോളർ) നൽകാനുള്ളത്.മതിയായ രേഖകൾ ഇല്ലാതെ വായ്പ അനുവദിച്ചതിനെ തുടർന്ന് പിഴ ഇനത്തിൽ യുഎസ് സെക്യൂരിറ്റീ ആൻഡ് എക്സ്ചേഞ്ച് കമ്മീഷന് നൽകാനുള്ളത് 30 മില്യൺ ഡോളറാണ്. നടപടികളുടെ ഭാഗമായി മൂന്നിൽ രണ്ട് ജീവനക്കാരെയും കമ്ബനി പിരിച്ചുവിടും. 292 ജീവനക്കാരാണ് ബ്ലോക്ക്ഫൈയ്ക്ക് ഉള്ളത്. സാക്ക് പ്രിൻസ്, ഫ്ലോറി മാർക്വീസ് എന്നിവർ ചേർന്ന് 20017ൽ സ്ഥാപിച്ചതാണ് ബ്ലോക്ക്ഫൈ. കമ്ബനിയുടെ എതിരാളികളായിരുന്ന സെൽഷ്യസ് നെറ്റ്വർക്ക്, വൊയേഗർ എന്നീ കമ്ബനികൾ കഴിഞ്ഞ ജൂലൈയിൽ തകർന്നിരുന്നു.



# ഖത്തർ ലോകകപ്പ്;നെതർലൻഡ്സ് പ്രീ ക്വാർട്ടറിൽ

ഖത്തർ ലോകകപ്പിൽ ഖത്തറിനെ പരാജയപ്പെടുത്തി നെതർലൻഡ്സ് ടീം പ്രീ ക്വാർട്ടറിൽ സ്ഥാനമുറപ്പിച്ചു. മത്സരത്തിൽ എതിരില്ലാത്ത രണ്ട് ഗോളിനായിരുന്നു നെതർലൻഡ്സിന്റെ തകർപ്പൻ ജയം. ഇതോടെ ഗ്രൂപ്പ് എയിൽ ഏഴ് പോയിന്റോടെ നെതർലൻഡ്സ് ഒന്നാമതെത്തി. കോഡി ഫ്രാങ്കി ഡിയോങ്ങും ഗാക്പോയുമാണ് നെതർലൻഡിനായി ഗോൾ നേടിയത്. പോർച്ചുഗൽ, ബ്രസീൽ, ഫ്രാൻസ് എന്നി ടീമുകൾക്ക് ശേഷം പ്രീ ക്വാർട്ടർ കടക്കുന്ന ടീമാവുകയാണ് തെതർലാൻഡ്സ്. ഗ്രൂപ്പ് എ യിൽ നിന്ന് സെനഗലും പ്രീ ക്വാർട്ടറിലെത്തി. .ഗോൾമുഖത്തേക്ക് നടത്തിയ നിരന്തര മുന്നേറ്റങ്ങൾക്കൊടുവിൽ കളിയുടെ 26ാം മിനിറ്റിലാണ് കോഡി ഗാക്പോയ് നെതർലൻഡിനായി ആദ്യം വലകുലുക്കിയത്. ഈ ടൂർണമെൻറിൽ ഗാക്പോയുടെ മൂന്നാം ഗോളാണിത്. ഡേവി ക്ലാസൻ നൽകിയ പന്തിനെ പ്രതിരോധത്തെ മറികടന്ന് ഗാക്പോ ഗോൾവലയിലെത്തിക്കുകയായിരുന്നു. ഈ ലോകകപ്പിൽ ഇക്വഡോറിനെതിരെയും സെനഗലിനെതിരെയുമാണ് ഗാക്പോ ഗോൾ നേടിയത്.ഫ്രാങ്കി ഡിയോങ്ങിൻറെ രണ്ടാം ഗോൾ പിറന്നത് നാല്പത്തി ഒമ്പതാം മിനിറ്റിലായിരുന്നു. ഗോൾ മുഖത്ത് വച്ച് ഡീപേ അടിച്ച പന്ത് ഖത്തർ ഗോളി ബർഷാം മനോഹരമായി തടുത്തിട്ടെങ്കിലും റീബൗണ്ടിൽ ഡിയോങ് ഗോളടിക്കുകയായിരുന്നു. ഖത്തറിനെതിരെ 13 ഷോട്ടുകളാണ് നെതർലൻഡ് ഉതിർത്തത്. മത്സരത്തിൽ 63 ശതമാനം സമയവും പന്ത് നെതർലഡ്സിന്റെ പക്കലായിരുന്നു.

ടീം ലൈനപ്പ്

ഖത്തർ: മിഷാൽ ബർഷാം, പെഡ്രോ മിഗേൽ, അബ്ദുൽ കരീം ഹസ്സൻ, അബ്ദുൽ അസീസ് ഹാതിം, ഹസ്സൻ അൽഹൈദ്രോസ്, അക്രം അഫീഫ്, ഇസ്മായിൽ മുഹമ്മദ്, ഹുമാം അഹ്മദ്, അസീം മാദിബോ, ബൗലം ഖൗഖി, അൽമുഇസ് അലി.

നെതർലൻഡ്സ്: ആൻഡ്രൈസ് നോപ്പെർട്ട്, ഡാലി ബ്ലിൻഡ്, നഥാൻ അകെ, വിർജിൽ വാൻ ജൈക്, യുരിയൻ ടിംബർ, ഡെൻസെൽ ഡംഫ്രീസ്, മാർട്ടിൻ ഡെറോൺ, ഡേവി ക്ലാസൻ, ഫ്രെങ്കി ഡി ജോങ്, കോഡി ഗാക്പോ, മെംഫിസ് ഡിപേ.



# കരുത്ത് കാട്ടി സെനഗൽ പ്രീ ക്വാർട്ടറിൽ; ഇക്വഡോറിന് നിരാശ

ഖത്തർ ലോകകപ്പിൻറെ പ്രീ ക്വാർട്ടറിൽ സ്ഥാനം ഉറപ്പിച്ച് സെനഗൽ. ലാറ്റിനമേരിക്കൻ ശക്തികളായ ഇക്വഡോറിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തകർത്താണ് സെനഗൽ അവസാന പതിനാറിൽ ഇടം നേടിയത്. സെനഗലിനായി ഇസ്മായില സാറും കാലിഡൗ കൗലിബാലിയുമാണ് ഗോളടിച്ചത്. 44ാം മിനുട്ടിൽ പെനാൽട്ടിയിലൂടെയായിരുന്നു സാറുടെ ഗോൾ. തുടർന്ന് ഇക്വഡോർ സമനില പിടിക്കുകയായിരുന്നു. മോയിസെസ് കൈസിഡോയാണ് ടീമിനെ സമനിലയിലെത്തിച്ചത്. എന്നാൽ 70ാം മിനുട്ടിൽ കൗലിബാലി സെനഗലിനെ വീണ്ടും മുന്നിലെത്തിച്ചു.ആദ്യ പകുതിയിൽ വീണ പെനാൽറ്റി ഗോളിന്റെ ആഘാതത്തിൽ നോക്കൗട്ട് കടക്കുക എന്ന ഒരേയൊരു ലക്ഷ്യത്തിലേക്ക് മരിച്ചുകളിക്കുകയായിരുന്നു ഇക്വഡോർ താരങ്ങൾ. അതിവേഗത്തിൽ സെനഗൽ ഗോൾവല ലക്ഷ്യമാക്കി നിരവധി തവണ ഇക്വഡോർ താരങ്ങൾ കുതിച്ചെങ്കിലും ഒന്നും ബോക്സ് കടക്കാനായില്ല.രണ്ടാം പകുതി ആരംഭിച്ച് 50-ാം മിനിറ്റിൽ വീണു കിട്ടിയ ഫ്രീകിക്ക് ഗോളാക്കാൻ ഇക്വഡോറിനായില്ല. പ്രഷ്യാഡോയുടെ ബോക്സിലേക്കുള്ള ഡീപ് ക്രോസിനു പക്ഷെ ലക്ഷ്യം പിഴച്ചു.58-ാം മിനിറ്റിൽ ഇക്വഡോർ പ്രതിരോധ താരം എസ്റ്റ്യുപ്പിനാൻ സെനഗൽ ബോക്സിലേക്ക് നീട്ടി നൽകിയ ക്രോസ്. ഷോട്ടിന് എസ്ട്രാഡ ഗോൾവല ലക്ഷ്യമാക്കി തലവച്ചെങ്കിലും പന്ത് ബോക്സിനു പുറത്തേക്ക്.ആദ്യ പകുതി അവസാനിക്കുമ്പോൾ പെനൽറ്റിയിലൂടെ പിറന്ന ഗോളിന്റെ ബലത്തിൽ സെനഗൽ ഇക്വഡോറിനെതിരെ ഒരു ഗോളിനു മുന്നിലായിരുന്നു.42-ാം മിനിറ്റിൽ പന്തുമായി ഗോൾമുഖം ലക്ഷ്യമാക്കി കുതിച്ച സെനഗലിന്റെ ഇസ്മായില സാറിനെ ഇക്വഡോർ സെന്റർ ബാക്ക് ഹിൻകാപി ബോക്സിനകത്ത് വീഴ്ത്തി. പെനൽറ്റി വിളിക്കാൻ റഫറിക്ക് സംശയിക്കേണ്ടിവന്നില്ല. പെനൽറ്റി ഷോട്ടെടുത്തതും സാർ തന്നെ. അനായാസമൊരു ഐസ്ക്യൂബ് ഷോട്ടിലൂടെ സാർ പന്ത് ഇക്വഡോർ പോസ്റ്റിലേക്ക് കോരിയിട്ടു.ആദ്യ പകുതി പിന്നിടുമ്പോൾ 10 ഷോട്ടുകളാണ് ഇക്വഡോർ വല ലക്ഷ്യമാക്കി സെനഗൽ താരങ്ങൾ തൊടുത്തത്. എന്നാൽ, തിരിച്ച് സെനഗൽ ഗോൾപോസ്റ്റിലേക്കെത്തിയത് രണ്ടേരണ്ട് ഷോട്ട് മാത്രം. ടൂർണമെന്റിലുടനീളം ഖത്തറിനും നെതർലൻഡ്സിനുമെതിരെ ഇക്വഡോർ ആകെ തൊടുത്തത് ഏഴ് ഷോട്ടായിരുന്നു.അതേസമയം വിജയിക്കുന്നവർക്ക് പ്രീക്വാർട്ടർ സ്ഥാനമാണ് ഉള്ളതെന്ന അവസ്ഥയിൽ ഇരു ടീമുകളും രണ്ടും കൽപ്പിച്ചാണ് കളി തുടങ്ങിയത്. കളത്തിലിറങ്ങിയ ഉടൻ തന്നെ ആക്രമിക്കാനുള്ള മാനസികാവസ്ഥയിലാണ് തങ്ങളെന്ന് ഇക്വഡോറിൻറെ നീക്കങ്ങളിൽ നിന്ന് വ്യക്തമായിരുന്നു. എന്നാൽ ആദ്യ മിനിറ്റുകളിൽ നല്ല അവസരങ്ങൾ ഉണ്ടാക്കിയെടുത്തത് സെനഗൽ ആണ്.ഇതോടെ പോർച്ചുഗൽ, ബ്രസീൽ, ഫ്രാൻസ് എന്നി ടീമുകൾക്ക് ശേഷം പ്രീ ക്വാർട്ടർ കടക്കുന്ന ടീമാവുകയാണ് സെനഗലും. ഇതിനിടെ തെതർലാൻഡ്സും പ്രീ ക്വാർട്ടറിലെത്തി.



# മൂന്ന് ഗോളുമായി 'ഇംഗ്ലണ്ട്' വെയിൽസ് വല കുലുക്കി

ഖത്തർ ലോകകപ്പിന്റെ ഗ്രൂപ്പ് ബി ഘട്ടത്തിൽ ഇന്ന് രണ്ട് മത്സരങ്ങൾ നടക്കുന്നു. ഒരുഭാഗത്ത് വെയിൽസ് കരുത്തരായ ഇംഗ്ലണ്ടിനെ നേരിടുന്നു. മറുഭാഗത്ത് ഇറാന് നേരിടുന്നത് യു.എസിനേയും. വെയിൽസ് ഇംഗ്ലണ്ട് മത്സരത്തിലെ ആദ്യ പകുതി സമനിലയിൽ കലാശിച്ചെങ്കിലും രണ്ടാം പകുതിയിയിൽ മൂന്ന് ഗോളുകൾ നേടി ശക്തമായി തിരിച്ചുവന്നു.ആദ്യ മിനിറ്റുകളിൽ തുടരെ രണ്ടുഗോളുകളും 68 ആം മിനിറ്റിൽ റാഷ്ഫോർഡ് വീണ്ടും ഒരു ഗോൾ കൂടെ നേടി ഇംഗ്ലണ്ട് (30) മുന്നിലായി. 50ാം മിനിറ്റിൽ ഫ്രീ കിക്കെടുത്തത് റാഷ്ഫോർഡാണ് ആദ്യ ഗോൾ നേടിയത്. ഒന്നാം ഗോളാഘോഷം അവസാനിക്കുന്നതിന് മുൻപ് 51ാം മിനിറ്റിൽ വീണ്ടും രണ്ടാം ഗോൾ നേടി ഫിൽ ഫോഡും ഇംഗ്ലണ്ടിന് വേണ്ടി വെയിൽസ് വല കുലുക്കി. രണ്ടാം ഗോളിന് വഴിയൊരുക്കിയത് നായകൻ ഹാരി കെയ്നാണ്.ഇറാൻ- യുഎസ് മത്സരത്തിൽ അമേരിക്കയ്ക്ക് വേണ്ടി വലകുലുക്കി പുലിസിച്ച്. മത്സരത്തിന്റെ 38 ആം മിനിറ്റിൽ ക്രിസ്ത്യൻ പുലിസിക് യു.എസിന് വേണ്ടി ആദ്യ ഗോൾ നേടി. രണ്ടാം പകുതി ആവേശത്തോടെ മുന്നേറുന്നു.അതേസമയം മൂന്ന് പോയിൻറുള്ള ഇറാൻ ജയിച്ചാലും യു.എസ് ജയിച്ചാലും അവരിലൊരാൾ പ്രീക്വാർട്ടറിലെത്തും.അതേസമയം രണ്ട് മത്സരങ്ങളിൽ നിന്ന് മൂന്ന് പോയന്റുമായി ഇറാൻ പട്ടികയിൽ രണ്ടാമതാണ്. ഇത്രയും മത്സരങ്ങളിൽ നിന്ന് രണ്ട് പോയന്റുള്ള യുഎസ്എ നിലവിൽ മൂന്നാമതാണ്.സമനില നേടിയാലും ഇറാന് അടുത്ത റൗണ്ടിലെത്താനാകും. അങ്ങനെയെങ്കിൽ വെയിൽസിന് നാട്ടിലേക്ക് മടങ്ങാം. ഇംഗ്ലണ്ടിനെ മറികടന്നാലും വെയിൽസിന് പ്രീക്വാർട്ടർ പ്രതീക്ഷ വെക്കാനാകില്ല. എന്നാൽ ഇറാൻ -യു.എസ് മത്സരം സമനിലയിൽ കലാശിച്ചാൽ വെയിൽസിന് കാര്യമുണ്ട്. അമേരിക്ക ഇറാൻ മത്സരത്തിന്റെ ഫലം കൂടി ആശ്രയിച്ചാകും വെയിൽസിന്റെ മുന്നോട്ടുപോക്ക്.





# അമേരിക്കയ്ക്ക് വേണ്ടി വലകുലുക്കി പുലിസിച്ച്

ഖത്തർ ലോകകപ്പിന്റെ ഗ്രൂപ്പ് ബി ഘട്ടത്തിൽ ഇന്ന് രണ്ട് മത്സരങ്ങൾ നടക്കുന്നു. ഒരുഭാഗത്ത് വെയിൽസ് കരുത്തരായ ഇംഗ്ലണ്ടിനെ നേരിടുന്നു. മറുഭാഗത്ത് ഇറാന് നേരിടുന്നത് യു.എസിനേയും. ഇറാൻ- യുഎസ് മത്സരത്തിൽ അമേരിക്കയ്ക്ക് വേണ്ടി വലകുലുക്കി പുലിസിച്ച്. മത്സരത്തിന്റെ 38 ആം മിനിറ്റിൽ ക്രിസ്ത്യൻ പുലിസിക് യു.എസിന് വേണ്ടി ആദ്യ ഗോൾ നേടി.(ശൃമിൗ, ലിഴഹമിറംമഹല ാമരേവ ഉശൃലെ വമഹള)എന്നാൽ ഇംഗ്ലണ്ട് -വെയിൽസ് ആദ്യ പകുതി സമനിലയിൽ കലാശിച്ചു. വെയ്ൽസിനെതിരായ മത്സരത്തിൽ മികച്ച നീക്കങ്ങൾ നടത്തിയെങ്കിലും ഗോളടിക്കാൻ കഴിയാതെ ഇംഗ്ലണ്ട്. മത്സരത്തിന്റെ ആദ്യ പകുതിയുടെ ഭൂരിഭാഗം സമയവും കളി ഇംഗ്ലണ്ടിന്റെ വരുതിയിലായിരുന്നെങ്കിലും വല കുലുക്കാൻ കഴിഞ്ഞില്ല. 9ാം മിനിറ്റിൽ ഇംഗ്ലണ്ടിനായി സുവർണാവസരം നഷ്ടപ്പെടുത്തിയത് മാർക്കസ് റാഷ്ഫോർഡ് ആണ്. വെയിൽസ് ഗോൾകീപ്പർ വാർഡിന്റെ മികച്ച നീക്കവും തുണയായി.അതേസമയം മൂന്ന് പോയിൻറുള്ള ഇറാൻ ജയിച്ചാലും യു.എസ് ജയിച്ചാലും അവരിലൊരാൾ പ്രീക്വാർട്ടറിലെത്തും.രണ്ട് മത്സരങ്ങളിൽ നിന്ന് മൂന്ന് പോയന്റുമായി ഇറാൻ പട്ടികയിൽ രണ്ടാമതാണ്. ഇത്രയും മത്സരങ്ങളിൽ നിന്ന് രണ്ട് പോയന്റുള്ള യുഎസ്എ നിലവിൽ മൂന്നാമതാണ്.സമനില നേടിയാലും ഇറാന് അടുത്ത റൗണ്ടിലെത്താനാകും. അങ്ങനെയെങ്കിൽ വെയിൽസിന് നാട്ടിലേക്ക് മടങ്ങാം. ഇംഗ്ലണ്ടിനെ മറികടന്നാലും വെയിൽസിന് പ്രീക്വാർട്ടർ പ്രതീക്ഷ വെക്കാനാകില്ല. എന്നാൽ ഇറാൻ-യു.എസ് മത്സരം സമനിലയിൽ കലാശിച്ചാൽ വെയിൽസിന് കാര്യമുണ്ട്. അമേരിക്ക ഇറാൻ മത്സരത്തിന്റെ ഫലം കൂടി ആശ്രയിച്ചാകും വെയിൽസിന്റെ മുന്നോട്ടുപോക്ക്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com